# അൽ ഹഖ്

AHMADIYYA NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA | ആഗസ്ത്-സെപ്തംബർ 2008 | PRIVATE CIRCULATION



രണ്ടാം പേജിൽ

വിശ്വാസത്തിന്റെ പേരിലല്ലാതെ

മൂന്നാം പേജിൽ





മഞ്ചേരി സമ്മേളനം

നാലാം പേജിൽ





വിജ്ഞാനം ആർജ്ജിക്കുക:
മുഹമ്മദ് ഇസ്മായീൽ താഹിർ സാഹിബ്

ആറാം പേജിൽ





കുട്ടിപട്ടാളം വീട്ടിലേക്ക് മടങ്ങുന്നു

ഏഴാം പേജിൽ





അൻസാറുല്ലാ സമ്മേളനം
എറണാകുളം മേഖല


## റമദാൻ: അല്ലാഹുവിന്റെ പരിച

### ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്)



അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാം ഇപ്പോൾ റമദാനിലൂടെയാണ് കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. ഈ മാസം വ്രതാനുഷ്ഠാനത്തിന്റെ മാസമാണ്. വ്രതാനുഷ്ഠാനത്തിന്റെ പിന്നിൽ വലിയൊരു ലക്ഷ്യമുണ്ടെന്ന് ഞാൻ ഓതിക്കേൾപ്പിച്ച ആയത്തുകളിൽനിന്ന് വ്യക്തമാണ്. അല്ലാഹു തന്റെ ദാസരുടെ തഖ്വയിൽ ഉന്നമനം നൽകുന്നതിനും അവരുടെ ആത്മീയതയിൽ വർദ്ധനവുണ്ടാകുന്നതിനും തന്റെ സാമീപ്യം നൽകി അവരെ അനുഗ്രഹിക്കുന്നതിനും ദുആ സ്വീകാര്യതയുടെ മാർഗ്ഗങ്ങൾ പറഞ്ഞുകൊടുക്കുന്നതിനും അതിന്റെ യാഥാർത്ഥ്യമെന്തെന്ന് കാണിച്ചുകൊടുക്കുന്നതിനും വേണ്ടി തർബിയ്യത്തിനുള്ള ഒരു പരിശീലനമായിട്ടാണ് ഈ വ്രതാനുഷ്ഠാനത്തെ നിർബന്ധമാക്കിയിരിക്കുന്നത്. ഞാൻ ആദ്യമായി പാരായണം ചെയ്ത ആയത്തിൽ അല്ലാഹു പറയുന്നു: "നിങ്ങൾ തഖ്വ(ഭയഭക്തി) സ്വായത്തമാക്കുന്നതിനാണ് നോമ്പ് നിർബന്ധമാക്കിയിരിക്കുന്നത്." അതായത് സർവ്വവിധ തിന്മകളിൽ നിന്നും രക്ഷപ്രാപിക്കുന്നതിന് നിങ്ങൾ അല്ലാഹുവിന്റെ സംരക്ഷണത്തിൽ വരിക. ഒരു ഹദീസിൽ ഇപ്രകാരം വരുന്നു. തിരുനബി (സ) അരുളി. 'നോമ്പ് പരിചയാകുന്നു.' അതുകൊണ്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന് നോമ്പിനെ നിങ്ങൾ പരിചയായി ഉപയോഗിക്കുകയാണെങ്കിൽ അല്ലാഹു സ്വയം നിങ്ങളുടെ പരിചയായിത്തീരുന്നതാണ്. അവൻ നിങ്ങളെ വലിയ വലിയ പാപങ്ങളിൽനിന്ന് മാത്രമല്ല രക്ഷിക്കുക മറിച്ച് ചെറിയ ചെറിയ തിന്മകളിൽനിന്നും പ്രയാസങ്ങളിൽനിന്നും നിങ്ങളെ രക്ഷിക്കുന്നതാണ്. എല്ലാ ഉപദ്രവങ്ങളിൽനിന്നും നിങ്ങൾ സുരക്ഷിതരായിരിക്കുകയും ചെയ്യും. നന്മ ചെയ്യാനുള്ള തൗഫീഖും നിങ്ങൾക്ക് ലഭിക്കുന്നതാണ്. എന്നാൽ, നോമ്പുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും നിങ്ങൾ പാലിച്ചാൽ മാത്രമെ ഇത് സാധ്യമാകുകയുള്ളൂ.

ഇതുസംബന്ധമായി നമുക്ക് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ ഇവയാണ്. നിങ്ങൾ വ്രതമനുഷ്ഠിക്കുമ്പോൾ നിങ്ങളുടെ കാതുകളും കണ്ണുകളും നാവും കൈയും മറ്റെല്ലാ അവയവങ്ങളും കൂടി വ്രതമനുഷ്ഠിക്കേണ്ടതാണ്. നമുക്ക് ലഭിച്ചിരിക്കുന്ന പരിച പ്രയോജനപ്പെടണമെങ്കിൽ അത് ഉപയോഗിക്കുന്നത് എങ്ങനെയാണെന്ന് നമുക്ക് അറിയുകയും വേണം. വ്രതമനുഷ്ഠിച്ചു എന്നതുകൊണ്ട് മാത്രം തഖ്വയുടെ പദവികൾ നമുക്ക് കരഗതമാകില്ല. അതിനായി നമ്മെ സജ്ജമാക്കിത്തീർക്കുകയും വേണം. അല്ലാഹു നിശ്ചയിച്ചിരിക്കുന്ന നിബന്ധനകൾ പാലിക്കാൻ നാം നിർബന്ധിതരാണ്. തുടർന്നുള്ള ആയത്തിൽ അല്ലാഹു പറയുന്നു. രോഗിയോ യാത്രയിലോ ആണെങ്കിൽ വ്രതാനുഷ്ഠാനം പാടില്ല. ഇങ്ങനെയുള്ള അവസരങ്ങളിൽ വ്രതമനുഷ്ഠിക്കാതെ മറ്റു ദിവസങ്ങളിൽ നോറ്റുവീട്ടാനാണ് കൽപിച്ചിരിക്കുന്നത്. കാരണം അല്ലാഹുവിന്റെ കല്പനകളെ പിൻപറ്റുന്നതു മൂലമാണ് തഖ്വ സ്വായത്തമാകുക. വെറുതെ പട്ടിണി കിടന്നതുകൊണ്ട് അത് ലഭിക്കില്ല. അതുപോലെ വിശുദ്ധഖുർആൻ പാരായണം ചെയ്യുകയും അതിന്റെ കൽപനകളനുസരിച്ച് ജീവിക്കേണ്ടതും നിർബന്ധമാണ്. നൂറുക്കണക്കിന് കൽപനകളാണ് വിശുദ്ധഖുർആനിൽ അടങ്ങിയിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുകയുണ്ടായി. "വിശുദ്ധഖുർആനിൽ പ്രാരംഭം മുതൽ അവസാനം വരെ നാം ചെയ്യേണ്ട കൽപനകളെക്കുറിച്ചും വിട്ടുനിൽക്കേണ്ട കാര്യങ്ങളെക്കുറിച്ചും ദൈവിക നിർദ്ദേശങ്ങളെക്കുറിച്ചുമുള്ള വിശ

പേജ് 8-ൽ

## അഹ്മദിയ്യ പുസ്തകങ്ങൾ സിന്ധിൽ നിരോധിച്ചു

**കറാച്ചി:** പാക്കിസ്ഥാൻ ക്രിമിനൽ നിയമത്തിലെ സെക്ഷൻ 99-എ പ്രകാരം അഞ്ച് അഹ്മദിയ്യ പുസ്തകങ്ങൾ സിന്ധ് ആഭ്യന്തര വകുപ്പ് നിരോധിച്ചു. മതനിന്ദാപരമായ ഉള്ളടക്കങ്ങൾ പുസ്തകങ്ങളിൽ അടങ്ങിയിട്ടുണ്ടെന്ന് ആരോപിച്ചാണ് നിരോധനം. 'അഹ്മദിയ്യത്ത്-യഅ്നി ഹഖീഖി ഇസ്‌ലാം, ദീനീ മഅ്ലൂമാത്ത്കാ ബുൻയാദി നിസാബ്, ദുർറെസമീൻ, മുഹബ്ബത്ത് കേ മുൽക് കി ബാദ്ശാഹത്ത്, സീറത്ത് മസീഹ് മൗഊദ് കി ഫിലോസഫി ഔർ മഅ്രിഫത്ത് എന്നീ പുസ്തകങ്ങളാണ് നിരോധിക്കപ്പെട്ടത്. പാക്കിസ്ഥാനിലെ പുതിയ ഭരണകൂടം ചുമതലയേറ്റപ്പോൾ അഹ്മദികൾ ഉൾപ്പെടെയുള്ള മതന്യൂനപക്ഷങ്ങൾക്കുനേരെ നടക്കുന്ന പീഡനശ്രമങ്ങൾ ഊർജ്ജിതമായിട്ടുണ്ട്. പുസ്തകനിരോധനവും ഇതിന്റെ ഭാഗമായിട്ടാണെന്ന് കരുതപ്പെടുന്നു. അന്താരാഷ്ട്രതലത്തിൽ ഇക്കാര്യം ഉന്നയിക്കപ്പെടാൻ സാധ്യതയുണ്ടെന്ന് നിരീക്ഷകർ കരുതുന്നു.

## തെക്കൻ സുമാത്രയിൽ അഹ്മദിയ്യ ജമാഅത്തിനെ നിരോധിച്ചു

സ്വന്തം ലേഖകൻ

**ഇന്തോനേഷ്യ:** തീവ്രവാദ മുസ്‌ലിം ഗ്രൂപ്പുകളുടെ ശക്തമായ സമ്മർദ്ദത്തെത്തുടർന്ന് തെക്കൻ സുമാത്രയിലെ പ്രവിശ്യാ ഗവൺമെന്റ് ജമാഅത്തിന്റെ പ്രവർത്തനങ്ങളെ നിരോധിച്ചു. സെപ്തംബർ 1-ന് ഇറക്കിയ പ്രസ്താവനയിൽ അഹ്മദിയ്യ ജമാഅത്ത് ഇസ്‌ലാമിക അധ്യാപനങ്ങൾക്ക് വിരുദ്ധമായ വിശ്വാസം വെച്ചുപുലർത്തുന്നതിനാൽ സംഘടനയെ നിരോധിക്കുകയാണെന്ന് ആക്ടിംഗ് ഗവർണ്ണർ എൻ. എസ്. മുഹ്‌യുദ്ദീൻ അറിയിച്ചു. പ്രവിശ്യയിലെ ഉന്നത ഉദ്യോഗസ്ഥരുടെയും നിരവധി ഇസ്‌ലാമിക സംഘടനാ പ്രതിനിധികളുടെയും യോഗത്തിനു ശേഷമാണ് തീരുമാനം അറിയിച്ചത്. അഹ്മദിയ്യ ജമാഅത്തിന്റെ നിരോധനം എപ്പോഴത്തേക്കുമാണെന്നും പുനഃപരിശോധനയുടെ പ്രശ്നമില്ലെന്നും ഗവർണ്ണർ കൂട്ടിച്ചേർത്തു. നേരത്തെ പടിഞ്ഞാറൻ സുമാത്രയും ജമാഅത്തിനെ നിരോധിച്ചിരുന്നു. പ്രവിശ്യയിൽ ആയിരത്തിലധികം അഹ്മദികൾ ഉള്ളതായി കണക്കാക്കുന്നു. മതസൗഹാർദ്ദം ഏറെ വിലമതിക്കപ്പെട്ടിരുന്ന ഇന്തോനേഷ്യ നാളുകൾ കഴിയുന്തോറും ഭീകരവാദികൾക്ക് കീഴടങ്ങുന്ന ദയനീയ ചിത്രമാണ് ഈ സംഭവത്തോടെ കണ്ടുകൊണ്ടിരിക്കുന്നത്.

അതിനിടെ നിരോധനത്തിന്നെതിരെ കോടതിയെ

പേജ് 2-ൽ

## ഉത്തർപ്രദേശിൽ അഹ്മദീ കുടുംബങ്ങൾ ആക്രമിക്കപ്പെട്ടു

സ്വന്തം ലേഖകൻ

**ലക്നോ:** ഉത്തർപ്രദേശിലെ സഹാറൻപൂരിലുള്ള മൂന്ന് അഹ്മദി കുടുംബങ്ങളെ ജനക്കൂട്ടം ആക്രമിച്ചു. ഹമീദുല്ലാഹ്ഖാൻ അഫ്ഗാനി, സക്കീർഖാൻ, മുഹമ്മദ് അഫ്സൽ എന്നിവരുടെ വീടുകളാണ് അക്രമിക്കപ്പെട്ടത്. ശുഅയ്ബ് മുഹമ്മദ്, മജീദ് അഹ്മദ്, മുനീർ അഹ്മദ് എന്നീ നവ അഹ്മദികളും മർദ്ദിക്കപ്പെട്ടു. അടുത്ത നാളുകളിലായി പ്രദേശത്ത് വളരെ ന്യൂനപക്ഷമായ അഹ്മദികൾക്കെതിരെ പ്രചാരണ പ്രവർത്തനങ്ങൾ നടന്നുവരികയായിരുന്നു. ലുധിയാനയിൽനിന്നും വന്ന മുല്ലയായ മൗലവി ഹബീബുർറഹ്മാൻ ഒരു റാലിക്കിടെ കടുത്ത അഹ്മദിയ്യാവിരുദ്ധ പ്രസംഗം നടത്തു

പേജ് 7-ൽ

# ഇസ്‌ലാമിക വിരുദ്ധ വീഡിയോ ഗെയിമിനെതിരെ പ്രതിഷേധം ഉയരുന്നു

**ലണ്ടൻ:** ഒരു അമേരിക്കൻ സൈനികൻ മുസ്‌ലിംകളെ കൂട്ടക്കൊല ചെയ്യുന്ന രംഗമുള്ള വീഡിയോ ഗെയിം ഇന്റർനെറ്റിലൂടെ പ്രചരിപ്പിക്കുന്നതിനെതിരെ വ്യാപക പ്രതിഷേധമുയർന്നു. ബ്രിട്ടീഷ് മുസ്‌ലിം സംഘടന വീഡിയോ ഗെയിം ഉടനെ നെറ്റിൽനിന്നും പിൻവലിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ഗെയിമിന്റെ പേരുതന്നെ 'മുസ്‌ലിം കൂട്ടക്കൊല' എന്നാണ്. മെഷീൻഗണ്ണും റോക്കറ്റ് ലോഞ്ചറും കൈയിലേന്തിയ അമേരിക്കൻ ഹീറോ മധ്യേഷ്യയിലേക്ക് പാരച്യൂട്ട് വഴി വന്നിറങ്ങുന്നു. ഒന്നാമത്തെ ലെവലിൽ അറബികളെ കൊന്നൊടുക്കും. പിന്നീട് ഒസാമബിൻ ലാദനെ നേരിടുന്നു. ഒരൊറ്റ മുസ്‌ലിം വനിതയേയും പുരുഷനേയും ബാക്കിവെക്കാതെ കൂട്ടക്കൊല നടത്തിയാണ് ഗെയിമിൽ ഹീറോ വിജയിക്കുന്നത്. ഇത്തരത്തിലുള്ള വീഡിയോ ഗെയിം കുട്ടികളിൽ മുസ്‌ലിം വിരോധം ആളിക്കത്തിക്കാനും മുസ്‌ലിംകളെ കൊല്ലാനും മാത്രമെ ഉപകരിക്കൂവെന്ന് ബ്രിട്ടീഷ് മുസ്‌ലിം യൂത്ത് അസോസിയേഷൻ അഭിപ്രായപ്പെട്ടു. തുടർച്ചയായി ആറ് മണിക്കൂർ ഈ ഗെയിം ഒരു കുട്ടി കാണുകയാണെങ്കിൽ അവൻ പുറത്തിറങ്ങി കൊലപാതകം നടത്തുകതന്നെ ചെയ്യുമെന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു. ജനുവരിയിൽ ഗെയിം റിലീസ് ചെയ്തിരുന്നുവെങ്കിലും പ്രമുഖ ബ്ലോഗുകളിൽ ഈയിടെയാണ് വ്യാപകമായി പ്രത്യക്ഷപ്പെട്ടിട്ടുള്ളത്.

# അഹ്മദിയ്യ വിരുദ്ധ ടിവി പ്രോഗ്രാം: ആമിർ ലിയാഖത്ത് ഹുസ്സൈനെ പുറത്താക്കി

**പാക്കിസ്ഥാൻ:** ജിയോ ടിവി പ്രോഗ്രാമിലൂടെ അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിനെതിരെ കൊലവിളി നടത്തുകയും തുടർന്ന് മൂന്ന് പ്രമുഖ അഹ്മദികൾ കൊല്ലപ്പെടുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ മുജാഹിദ് ഖൗമി മൂവ്മെന്റ് പ്രമുഖ ടിവി അവതാരകനും മുൻപാക്കിസ്ഥാൻ മതകാര്യമന്ത്രിയുമായ ഡോ. ആമിർ ലിയാഖത്ത് ഹുസ്സൈനെ പാർട്ടിയുടെ റാബിത്ത കമ്മിറ്റിയിൽ നിന്നും പുറത്താക്കി. മതസൗഹാർദ്ദം തകർക്കുന്ന രീതിയിലുള്ള പ്രസ്താവനകൾ നടത്തിയതിന് അദ്ദേഹത്തെ മുമ്പേ താക്കീത് ചെയ്തിരുന്നു. ലാൽ മസ്ജിദിൽ നടന്ന അക്രമത്തിൽ തീവ്രവാദികളെ ന്യായീകരിച്ച് ടിവി പ്രോഗ്രാം നടത്തി അദ്ദേഹം വാർത്ത സൃഷ്ടിച്ചിരുന്നു. നിരവധി ക്രമിനൽ സംഘവുമായി ബന്ധമുള്ള ലിയാഖത്ത് ഹുസ്സൈൻ മതസൗഹാർദ്ദം തകർക്കുന്ന രീതിയിൽ വിധ്വംസക പ്രവർത്തനങ്ങളിൽ ഏർപ്പെട്ട വ്യക്തിയായിരുന്നു. അഹ്മദിയ്യാ ജമാഅത്തിനെ നിരോധിച്ചുകൊണ്ടുള്ള വാർഷിക ദിനത്തിൽ അദ്ദേഹം മോഡറേറ്ററായി നടത്തിയ പരിപാടിയിൽ അഹ്മദികളെ കിട്ടുന്നിടത്തുവെച്ച് വധിക്കണമെന്ന് പരസ്യമായി ഫത്‌വ പുറപ്പെടുവിച്ചിരുന്നു.

പേജ് 1-ൽനിന്ന്

സമീപിക്കാൻ ജമാഅത്ത് തയ്യാറെടുക്കുന്നതായി റിപ്പോർട്ടുണ്ട്. കേന്ദ്ര സർക്കാരിനല്ലാതെ പ്രവിശ്യാ സർക്കാരിന് ഒരു സംഘടനയെ നിരോധിക്കാൻ അവകാശമില്ലെന്നും, ഇന്തോനേഷ്യൻ സർക്കാർ പുറപ്പെടുവിച്ച ഡിക്രിയിൽ ജമാഅത്തിനെ നിയന്ത്രിച്ചതല്ലാതെ നിരോധനമില്ലെന്നും അതുകൊണ്ടുതന്നെ തെക്കൻ സുമാത്രാ പ്രവിശ്യാസർക്കാരിന്റെ നടപടി ഭരണഘടനാ വിരുദ്ധവുമാണെന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ നിയമകാര്യ ടീം അംഗം യാൻഹുസൈൻ ലമാർദി പ്രസ്താവിച്ചു. ഡിക്രിക്ക് ശേഷം ജമാഅത്തിന്നെതിരെ 24 അക്രമങ്ങൾ അരങ്ങേറിയതായും അക്രമങ്ങൾക്കെതിരെയും കോടതിയെ സമീപിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# കണ്ണൂർ മേഖലാ അൻസാറുല്ലാഹ് സംഗമം

സ്വന്തം ലേഖകൻ

**കൂടാളി:** കണ്ണൂർ മേഖലാ അൻസാറുല്ലായുടെ ഇജ്ത്തിമാഅ് കൂടാളി പള്ളിയിൽവച്ച് നടന്നു. ചടങ്ങിൽ മേഖലാ നാസിം യു. മൻസൂർ അഹ്മദ് സാഹിബ് അധ്യക്ഷം വഹിച്ചു. കണ്ണൂർ മേഖലാ അമീർ എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് പരിപാടി ഉദ്ഘാടനം ചെയ്തു. ചരിത്രത്തിലാദ്യമായി ഒരു ഇസ്‌ലാമിക ഖലീഫ കേരളം സന്ദർശിക്കുകയാണെന്ന് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് പറഞ്ഞു. ഖലീഫയെ സ്വാഗതം ചെയ്യാൻ നാം സർവഥാ ഒരുങ്ങേണ്ടതാണെന്നും, നമ്മുടെ ധാർമ്മിക മൂല്യങ്ങൾ ഇളംതലമുറയ്ക്ക് പകർന്നുകൊടുക്കാൻ അൻസാറുകൾ ഒരുങ്ങണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. പ്രൊ. ബി. മഹ്മൂദ് അഹ്മദ് സാഹിബ്, മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് എന്നിവർ ഇജ്ത്തിമാക്ക് ആശംസകൾ നേർന്നു. മൗലവി അബ്ദുസ്സലാം സാഹിബ് ഇജ്ത്തിമായോടനുബന്ധിച്ചുള്ള തർബിയ്യത്ത് ക്ലാസ്സ് നടത്തി. മൗലവി ശെഫീഖ് സാഹിബ്, നദിം സാഹിബ് എന്നിവരുടെ പദ്യാലാപനം സദസ്സിനെ ഭക്തിസാന്ദ്രമാക്കി. ഉച്ചയ്ക്കുശേഷം നടന്ന ചടങ്ങിൽ പഴയങ്ങാടി അമീർ സി. സലിം സാഹിബ് ഇജ്ത്തിമാ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. കെ. അബ്ദുറഹ്മാൻ സ്വാഗതവും എം.പി. ശെരീഫ് അഹ്മദ് സാഹിബ് നന്ദിയും പറഞ്ഞു. നേരത്തെ മദാർ അബ്ദുശ്ശുക്കൂർ സാഹിബ് ഖുർആൻ പാരായണം നടത്തി.

# മൂന്ന് അഹ്മദികൾക്ക് വധശിക്ഷ

**ഝലം:** ഒരു മുല്ലയെ കൊലപ്പെടുത്തിയെന്നാരോപിച്ച് എതിരാളികൾ നൽകിയ കേസിന് ഛാക്ക് സിക്കന്തറിൽനിന്നും 2003 സെപ്തംബറിൽ അറസ്റ്റ് ചെയ്യപ്പെട്ട ബശാറത്ത്, നാസിർ അഹ്മദ്, മുഹമ്മദ് ഇദ്‌രീസ് എന്നീ മൂന്ന് അഹ്മദീ സഹോദരങ്ങളെ കോടതി വധശിക്ഷക്ക് വിധിച്ചു. കേസിൽ മൊത്തം 7 പ്രതികളാണുണ്ടായിരുന്നത്. തെളിവില്ലെന്ന് പറഞ്ഞ് പോലീസ് നേരത്തെ കേസ് എഴുതിത്തള്ളിയിരുന്നു. എന്നാൽ, കേസ് വീണ്ടും വിചാരണക്ക് വെച്ചെങ്കിലും കോടതി 7 പേരെയും വെറുതെവിട്ടു. പക്ഷേ, രണ്ട് കള്ളസാക്ഷി മൊഴിയുടെ അടിസ്ഥാനത്തിൽ മേൽകോടതി ശിക്ഷ വിധിക്കുകയായിരുന്നു. 6 വർഷമായി ഇവർ തടവറയിലെ വധശിക്ഷക്ക് വിധിക്കപ്പെട്ടവരുടെ സെല്ലിൽ കഴിയുകയാണ്. ലാഹോർ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

# അഹ്മദിയ്യ വെബ്സൈറ്റ് ബ്ലോക്ക് ചെയ്തു

**പാക്കിസ്ഥാൻ:** അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ alislam.orgന്റെ കീഴിലുള്ള the persecution.com എന്ന സൈറ്റ് പാക്കിസ്ഥാൻ സർക്കാർ ബ്ലോക്ക് ചെയ്തു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജമാഅത്തിനെതിരെ നടന്നുകൊണ്ടിരിക്കുന്ന അതിക്രമങ്ങളുടെയും കുപ്രചാരണങ്ങളുടെയും റിപ്പോർട്ടുകൾ ഏകോപിപ്പിച്ച് പ്രദർശിപ്പിക്കുന്ന സൈറ്റാണ് the perse cution.com. വിവിധ സർക്കാർ സംഘടനകൾ, മനുഷ്യാവകാശ പ്രവർത്തകർ, കോളം എഴുത്തുകാർ തുടങ്ങി പ്രമുഖർ നിത്യേന സന്ദർശിക്കുന്ന ഈ സൈറ്റിൽനിന്നുമാണ് അഹ്മദികൾക്കെതിരെ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾ പുറംലോകം അറിയുന്നത്. പ്രമുഖ പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും വന്ന റിപ്പോർട്ടുകളാണ് ഈ വെബ്സൈറ്റിന്റെ അവലംബം. പാക്കിസ്ഥാനിൽ കുറച്ച് ദിവസങ്ങളിലായി ഈ സൈറ്റ് ഓപ്പൺ ചെയ്യുമ്പോൾ 'ഈ പേജ് ഇപ്പോൾ ലഭ്യമല്ല' എന്ന സന്ദേശമാണ് ലഭിക്കുന്നത്. എന്നാൽ, പാക്കിസ്ഥാനിലൊഴികെ മറ്റെല്ലായിടങ്ങളിലും ഈ സൈറ്റ് ലഭ്യവുമാണ്. മതനിന്ദാ കുറ്റത്തിന്റെ പരിധിയിൽപെടുത്തി പാക്ക് സർക്കാർ ഈ വെബ്സൈറ്റിനെ ബ്ലോക്ക് ചെയ്തിരിക്കുകയാണെന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. വ്യക്തികൾക്കെതിരെയും മസ്ജിദ് തുടങ്ങിയ സ്ഥാനങ്ങൾക്കെതിരെയും ഇതിനകം വാളോങ്ങിയിട്ടുള്ള സർക്കാർ വെബ്സൈറ്റിന്റെ മേലും നിയന്ത്രണം ഏർപ്പെടുത്തുകയാണ് ഇപ്പോൾ ചെയ്യുന്നത്.

# "വിശ്വാസത്തിന്റെ പേരിലല്ലാതെ!"

**ക**ഴിഞ്ഞാഴ്ച തുടർച്ചയായ മൂന്ന് ദിവസങ്ങളിൽ മൂന്ന് ഖബറടക്കം നടന്നു. മൂന്നും വ്യത്യസ്ത പ്രൊഫഷണലുകൾ, വ്യത്യസ്ത സ്ഥലങ്ങളിൽ, പക്ഷേ, മൂവരും ഏക വിശ്വാസികളായിരുന്നു, അഹ്മദികൾ. അതുതന്നെയാണ് തീവ്രവാദികളെ കൊല ചെയ്യാൻ പ്രേരിപ്പിച്ചതും.

സെപ്തംബർ 8-ന് ആശുപത്രിയിൽ രോഗികളെ സന്ദർശിച്ച് തിരിച്ച് വാർഡിലേക്ക് മടങ്ങുമ്പോൾ ഡോ. അബ്ദുൾ മന്നാൻ ആണ് ആദ്യം കൊല്ലപ്പെട്ടത്. സെപ്തംബർ 9-ന് നവാബ്ഷായിലെ വ്യാപാരിയും ജമാഅത്ത് പ്രസിഡണ്ടുമായ സേത്ത് യൂസഫ് സാഹിബും കൊല ചെയ്യപ്പെട്ടു. സെപ്തംബർ 10-ന് കറാച്ചിയിലെ ഫാർമസിയിൽ വെച്ച് ഷെയ്ഖ് സഊദിനെയും വെടിവെച്ചുകൊന്നു. അഹ്മദികളെ സംബന്ധിച്ചിടത്തോളം അക്രമങ്ങൾ പുത്തരിയല്ല. എന്നാൽ, മുമ്പത്തേക്കാൾ കൂടുതലായും രൂക്ഷമായും അക്രമങ്ങൾ ഇപ്പോൾ വർദ്ധിച്ചിരിക്കുകയാണ്. അഹ്മദികളെ വധിക്കുന്നതിൽ ആനന്ദം കണ്ടെത്തുകയാണ് അക്രമികൾ. അവർ പിടിക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്യുന്നില്ല. അഹ്മദിയ്യാ കാൻസറിനെ തുടച്ചുനീക്കാനാണെന്ന് അവകാശപ്പെട്ടുകൊണ്ട് 1974 മുതൽ അഹ്മദികളെ വധിക്കുന്നതിൽ ആനന്ദം കണ്ടെത്തുകയാണ് അക്രമികൾ. അവർ പിടിക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്യുന്നില്ല. അഹ്മദിയ്യാ കാൻസറിനെ തുടച്ചുനീക്കാനാണെന്ന് അവകാശപ്പെട്ടുകൊണ്ട് 1974-ൽ അഹ്മദികളെ അമുസ്‌ലിംകളായി പ്രഖ്യാപിച്ച സർക്കാരിന്ന് പക്ഷേ, ഇപ്പോൾ കൂടുതൽ പരീക്ഷണമാണ് നേരിടുന്നത്. 1974-ൽ 105 അഹ്മദികൾ വധിക്കപ്പെട്ടതായാണ് ജമാഅത്തിന്റെ കേന്ദ്ര ഓഫീസിൽനിന്നും ലഭിക്കുന്ന വിവരം. ഇതിൽ നിരവധി ഡോക്ടർമാരും ശാസ്ത്രജ്ഞരും വിദ്യാഭ്യാസ വിചക്ഷണരും പെടും. 15 ഡോക്ടർമാർ ഇതിനകം കൊല്ലപ്പെട്ടിട്ടുണ്ടത്രെ. 1947 മുതൽ 1973 വരെ ആകെ 18 അഹ്മദികളാണ് കൊല്ലപ്പെട്ടത്. അഹ്മദികളുടെ സ്വത്തുക്കളും ആരാധനാലയങ്ങളും നിത്യേന ആക്രമിക്കപ്പെടുകയാണ്.

ഈ മാസം അരങ്ങേറിയ കലാപത്തിന് കാരണമായത് ഒരു ടെലിവിഷൻ ചാനൽ പരിപാടിയാണ്. മുഹമ്മദ് നബി(സ) അന്ത്യപ്രവാചകനാണെന്ന വിശ്വാസത്തിൽ നിന്നും വ്യതിചലിച്ചതിനാൽ അഹ്മദികൾ വധിക്കപ്പെടേണ്ടവരാണെന്ന് ടിവി പരിപാടിയിൽ പങ്കെടുത്തവർ പരസ്യമായി പറഞ്ഞത് അതിക്രമത്തിന് വളമായി.

കൊല്ലപ്പെട്ട മൂന്നുപേരും സമാധാനകാംക്ഷികളും നിയമത്തെ അനുസരിക്കുന്നവരുമായിരുന്നു. നവാബ്ഷായിലെ ജനങ്ങൾക്ക് സേത്ത് യൂസുഫിനെ 50 വർഷത്തിലധികം പരിചയമുണ്ട്. ഇന്നുവരെ ചെറിയ ഉപദ്രവംപോലും മറ്റുള്ളവർക്ക് നൽകിയിട്ടില്ല. അഹ്മദിയ്യ ജമാഅത്തിലെ പ്രമുഖനായ വ്യക്തിയായതുകൊണ്ടുമാത്രമാണ് അദ്ദേഹം വധിക്കപ്പെട്ടത്.

ഷെയ്ഖ് സഊദിന്റെ മൂത്ത സഹോദരനും അമ്മാവനും രണ്ടു വർഷങ്ങൾക്കു മുമ്പേ ഇതേ സ്ഥലത്തുവെച്ച് കൊല്ലപ്പെട്ടിരുന്നു.

ഡോ. അബ്ദുൽ മന്നാന്റെ കൊലപാതകത്തെ ഡോക്ടർമാരുടെ സംഘടന

പേജ് 8-ൽ

# നവാബ്ഷാ ജമാഅത്ത് പ്രസിഡണ്ടിനെ വെടിവെച്ചു കൊലപ്പെടുത്തി

**ലാഹോർ:** സിന്ധ് പ്രവിശ്യയിലെ നവാബ്ഷാ ജില്ലാ അമീറായ ജനാബ് സേട്ട് മുഹമ്മദ് യൂസുഫ് സാഹിബിനെ അക്രമികൾ വെടിവെച്ചു കൊലപ്പെടുത്തി. സെപ്തംബർ 9-ന് വൈകുന്നേരം 6.30-ന് വീട്ടിൽനിന്നും ജോലി സ്ഥലത്തേക്ക് പോകുമ്പോഴാണ് വെടിയേറ്റത്. തലക്കും കഴുത്തിനും നെഞ്ചിനും വെടിയേറ്റ അദ്ദേഹം ആശുപത്രിയിൽ വെച്ചാണ് മരണപ്പെട്ടത്. 66 വയസ്സായിരുന്നു. ഭാര്യയും നാല് മക്കളുമുണ്ട്.

## ഖായിദുമാരുടെ ശ്രദ്ധയ്ക്ക്

അൽഹഖിലേക്ക് വാർത്തകളും മറ്റു വിഭവങ്ങളും അയക്കുന്നത് തീരെ കുറവാണ്. ദയവായി തങ്ങളുടെ മജ്‌ലിസിന്റെ വാർത്തകൾ അൽഹഖിലേക്ക് കൃത്യമായി അയച്ചുതരുവാൻ ശ്രദ്ധിക്കുക.

എഡിറ്റർ

# പവിത്ര റമദാൻ മാസവും സക്കാത്തും

മുഹമ്മദ് അയൂബ്

സക്കാത്ത് ഇസ്ലാമിന്റെ അഞ്ച് അടിസ്ഥാനപരമായ കാര്യങ്ങളിൽ ഒന്നാണെന്നത് സഹോദരങ്ങൾക്കെല്ലാം നന്നായറിയാവുന്നതാണ്. സക്കാത്ത് കൊടുക്കൽ കഴിവുള്ള മുസ്ലിംകൾക്ക് ശരീഅത്ത് പരമായ പ്രധാനപ്പെട്ട കടമയാണ്. പരിശുദ്ധ റമദാനിൽ നബി(സ) തിരുമേനി വളരെയധികം ദാനധർമ്മങ്ങൾ ചെയ്യാറുണ്ടായിരുന്നുവെന്നും അപ്പോൾ നബിതിരുമേനിയുടെ കൈകൾ ആഞ്ഞുവീശുന്ന കാറ്റുപോലെയായിരുന്നുവെന്നും ഹദീസുകളിൽ കാണുന്നു. ആകയാൽ ജമാഅത്തിലെ സഹോദരങ്ങളും നമ്മുടെ യജമാനരായ മുഹമ്മദു നബി(സ) തിരുമേനിയുടെ ചര്യയെ പിൻപറ്റിക്കൊണ്ട് ഈ അനുഗൃഹീതമാസത്തിൽ തങ്ങളുടെ നിർബന്ധ ചന്ദകൾ കൊടുക്കുന്നതിലേക്ക് ശ്രദ്ധചെലുത്തുന്നതോടൊപ്പംതന്നെ സക്കാത്ത് കൊടുക്കാൻ കഴിവുള്ളവർ തങ്ങളുടെ സക്കാത്തിന്റെ കണക്കുനോക്കി അത് കൊടുക്കാനും ശ്രമിക്കേണ്ടതാണ്. ഇതുസംബന്ധമായി സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ജമാഅത്ത് സഹോദരങ്ങളെ ഉപദേശിച്ച് പറയുകയുണ്ടായി: "വളരെ പ്രധാനപ്പെട്ട ഒരു ചന്ദയായ സക്കാത്തിലേക്കാണ് ഞാൻ നിങ്ങളുടെ ശ്രദ്ധയെ ഇനി ക്ഷണിക്കുന്നത്. സക്കാത്തിനും ഒരു നിശ്ചിത തോതുണ്ട്. പൊതുവെ ഇതിലേക്ക് ശ്രദ്ധ കുറവാണ്. ഒരു ടാക്സും നൽകാത്ത കൃഷിക്കാർക്കും സക്കാത്ത് നിർബന്ധമാണ്. കന്നുകാലികളെ വളർത്തുന്നവർക്കും സക്കാത്ത് നിർബന്ധമായത്ര എണ്ണം അവർക്കുണ്ടെങ്കിൽ സക്കാത്തുണ്ട്. ബാങ്കിലോ മറ്റെവിടെയെങ്കിലുമോ നിശ്ചിതമായ തുക വർഷം മുഴുവനും കിടപ്പുണ്ടെങ്കിൽ അതിനും സക്കാത്തുകൊടുക്കേണ്ടതാണ്. സ്ത്രീകളുടെ ആഭരണങ്ങൾക്കും സക്കാത്തുണ്ട്. ഓരോ സ്ത്രീയുടെ പക്കലും എന്തെങ്കിലും ആഭരണം തീർച്ചയായുമുണ്ടാകും. ചില സ്ത്രീകൾ എന്നല്ല കുടുംബനായികയായിട്ടുള്ളവരിൽ മിക്കവരും വരുമാനമില്ലാത്തതുകൊണ്ട് ലാസ്മി ചന്ദ കൊടുക്കാറില്ല. മറ്റു പദ്ധതികളിൽ അവർ പങ്കെടുക്കാറുമുണ്ട്. അത്തരക്കാരിൽ സക്കാത്ത് കൊടുക്കത്തക്കയത്ര അളവിൽ ആഭരണമുണ്ടെങ്കിൽ സക്കാത്ത് കൊടുക്കേണ്ടത് നിർബന്ധമാണ്. അതിന്റെ വിലയുടെ അടിസ്ഥാനത്തിൽ, 520 ഗ്രാം വെള്ളിയുടെ വിലയ്ക്ക് സമമായ ആഭരണത്തിൽ അധികമുണ്ടെങ്കിൽ രണ്ടര ശതമാനം കണക്കാക്കി അതിന് സക്കാത്ത് കൊടുക്കേണ്ടതാണ്. അതുകൊണ്ട് ഈ ഭാഗത്തേക്കും സ്ത്രീകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സക്കാത്ത് കൊടുത്ത് വീട്ടേണ്ടതാണ്. മറ്റുള്ളവർക്ക് അണിയാൻ വേണ്ടി ചിലർ ആഭരണങ്ങൾ കൊടുക്കാറുണ്ട്. അതിന് സക്കാത്തില്ല. എന്നാൽ, ഇക്കാലത്ത് അങ്ങനെ കൊടുക്കാൻ ധൈര്യമുള്ളവർ വളരെ കുറവാണ്. കൊടുത്തുകഴിഞ്ഞാൽ എന്താകും സ്ഥിതി എന്നൊന്നും പറയാൻ പറ്റാത്ത കാലമാണിത്. അതുകൊണ്ട് സ്ഥിരമായി ഉപയോഗിക്കുന്നതോ, താൽക്കാലികമായി ഏതെങ്കിലും സാധുവിന് അണിയാൻ കൊടുക്കുന്നതോ ആയ ഏത് ആഭരണമായാലും മുൻകരുതലിന്റെ അടിസ്ഥാനത്തിൽ അതിന് സക്കാത്ത് കൊടുക്കുന്നതാണ് നല്ലത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ സഹധർമ്മിണിയായ അമ്മാജാനെക്കുറിച്ച് പറഞ്ഞു: അവർ സാധുക്കൾക്ക് അണിയാൻവേണ്ടി ഇരവായിട്ട് ആഭരണം കൊടുത്തിരുന്നിട്ടും അതിനും സക്കാത്ത് നൽകാറുണ്ടായിരുന്നു. അഹ്മദി സ്ത്രീകൾ സക്കാത്ത് കൊടുക്കുന്നതിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സ്ത്രീകൾ മിക്കവരും വരുമാനമൊന്നുമില്ലാത്തവരാണ്. അപ്പോൾ പുരുഷന്മാർ സക്കാത്ത് കൊടുക്കുന്നതിന് അവരെ സഹായിക്കേണ്ടിവരുമെന്നത് പ്രകടമാണ്. ഇസ്ലാമിന്റെ ആരംഭകാലത്ത് എന്തെങ്കിലും ആവശ്യത്തിന്, പണം വേണ്ടിവന്നാൽ അത് ജനങ്ങളോട് പറയാറുണ്ടായിരുന്നു. താൽക്കാലികമായി നബി(സ)ന്റെ കാലത്തും, പിന്നീട് ഖലീഫമാരുടെ കാലത്തും ജനങ്ങളിൽനിന്ന് പണം ആവശ്യപ്പെട്ടിരുന്നു. സക്കാത്ത് കൊടുക്കുമായിരുന്നിട്ടും, അവർ അത്തരം സാമ്പത്തിക പരിപാടികളിൽ പങ്കെടുക്കുമായിരുന്നു. ജമാഅത്തിൽ ഒരു ചന്ദ വ്യവസ്ഥിതി നിലവിലുണ്ട്. ജനങ്ങൾ ചന്ദ കൊടുക്കുന്നുമുണ്ട്. അത് സക്കാത്തിന്റെ തോതിനേക്കാൾ വളരെയധികവുമാണ്. പക്ഷേ, സക്കാത്തും ഒരു നിർബന്ധ കർമ്മമാണ്. അതിന്റെ തോതനുസരിച്ച് അതും കൊടുക്കേണ്ടതാണ്. സ്ത്രീകൾ ഞാൻ പറഞ്ഞതനുസരിച്ച് ഇതിലേക്ക് ശ്രദ്ധിച്ചാൽ ഇൻശാഅല്ലാഹ് ജമാഅത്തിന്റെ സക്കാത്ത്പരമായ വരുമാനത്തിൽ ഒരുപാട് വർദ്ധനവുണ്ടാകുന്നതാണ്.

ഹദ്റത്ത് അംരിബ്നു ശുഅയ്ബ് തന്റെ പിതാമഹനിൽനിന്ന് നിവേദനം ചെയ്യുന്നു. ഒരു സ്ത്രീ തന്റെ മകളേയും കൂട്ടി നബി(സ)ന്റെ അടുക്കൽ വന്നു. മകൾ കനമുള്ള സ്വർണ്ണവള അണിഞ്ഞിരുന്നു. നബി(സ) അതിന് സക്കാത്ത് കൊടുക്കുന്നുണ്ടോ എന്ന് ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ ഇല്ല എന്ന് ആ സ്ത്രീ പറഞ്ഞു. നബി(സ) ചോദിച്ചു: ഖിയാമത്തുനാൾ അല്ലാഹു നിന്നെ തീയുടെ വള ഇടുവിക്കുന്നത് നീ ഇഷ്ടപ്പെടുന്നുണ്ടോ? അത് കേട്ട് ആ സ്ത്രീ തന്റെ മകളുടെ കൈയിൽനിന്ന് വളയൂരി നബി(സ)ന് കൊടുത്തുകൊണ്ട് പറഞ്ഞു: ഇത് അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടിയുള്ളതാണ്. അങ്ങ് ഇഷ്ടപ്പെടുന്ന രീതിയിൽ ഇത് ചെലവഴിച്ചാലും.

നീ ഇത് തന്നില്ലായിരുന്നെങ്കിൽ തീയുടെ വളയിടുമായിരുന്നു എന്നും മറ്റൊരു നിവേദനത്തിൽ നബി(സ) പറഞ്ഞതായി വന്നിട്ടുണ്ട്.

ഈ നിവേദനം കേട്ടതിനുശേഷം, സക്കാത്ത് നിർബന്ധമായവർ പ്രത്യേകമായ നിലയിൽ ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ, സ്ത്രീകളിലാണ് ഇത് കൂടുതൽ നിർബന്ധമായിട്ടുള്ളത്. അവരുടെ ഭർത്താക്കന്മാർ അവരെ ഇതിലേക്ക് സഹായിക്കേണ്ടതാണ്'' (ഖുത്ബ, 28.5.2004).

# അവിസ്മരണീയമായ മഞ്ചേരി സമ്മേളനം



**മഞ്ചേരി:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ മഞ്ചേരി പഴയബസ്റ്റാന്റ് പരിസരത്ത് വമ്പിച്ച ഖിലാഫത്ത് സമ്മേളനം നടന്നു. രണ്ട് ദിവസങ്ങളിലായി നടന്ന സമ്മേളനത്തിൽ നൂറുകണക്കിന് ജനങ്ങൾ പങ്കെടുത്തു. ആവേശത്തിന്റെ തീജ്വാലകൾ വാനിലേക്കുയർത്തിയ ആദ്യത്തെ സമ്മേളനം ആഗസ്റ്റ് 22-ാം തിയ്യതി വൈകുന്നേരത്തോടെ ആരംഭിച്ചു. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് കേരള ഇലാഖ ഖാഇദ് പി. ശെഫി അഹ്മദിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം അഹ്മദിയ്യാ ജമാഅത്തിന്റെ മലപ്പുറം മേഖലാ അമീർ മുഹമ്മദലി മാസ്റ്റർ സാഹിബ് ഉദ്ഘാടനം ചെയ്തു. ഖിലാഫത്തിന്റെ ഐശ്വര്യങ്ങൾ കാരണം അനുദിനം പുരോഗതിയിലേക്ക് നീങ്ങുകയാണ് ജമാഅത്തെന്ന് അമീർ സാഹിബ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ലോകവ്യാപകമായ ഒരേയൊരു നേതൃവ്യവസ്ഥയുടെ കീഴിൽ സ്വപ്ന സദൃശമായ പ്രവർത്തനമാണ് ജമാഅത്തിന്റേതെന്ന് അമീർ സാഹിബ് പറഞ്ഞു. അഹ്മദിയ്യാ ജമാഅത്തിന്റെ സ്വീകാര്യത അതിന്റെ ദൈവികതയാണെന്ന് ചങ്ങിൽ ആധ്യക്ഷം വഹിച്ച ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാഖാ ഖായിദ് പി. ശെഫി അഹ്മദ് സാഹിബ് പറഞ്ഞു. തുടർന്ന് ഹുസൂറി(അയ്യദഹു)ന്റെ ഖുത്ബ തൽസമയ സംപ്രേഷണം എൽ. സി.ഡി പ്രൊജക്ടർ വഴിയും ടെലിവിഷൻ വഴിയും കാണിച്ചു. തൽസമയ പരിഭാഷയും ഉണ്ടായിരുന്നു. മൗലവി എം. നാസിർ സാഹിബ് പരിഭാഷകനായി. ഹുസൂറിന്റെ ഖുത്ബ സശ്രദ്ധം കേട്ട ജനക്കൂട്ടം സത്യനിലാവിന്റെ സാന്ദ്രതയിൽ ലയിച്ചുനിന്നു. ജനങ്ങൾ അത്ഭുതാദരങ്ങളോടെ ഹുസൂറിന്റെ അംഗചലനങ്ങളും വാക്കുകളും സാകൂതം വീക്ഷിച്ചത് മനോഹരമായ കാഴ്ചയായിരുന്നു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിഹ് പ്രസംഗിച്ചു. സാഗരം കണക്ക് അലയടിച്ചുയർന്ന മൗലവി ഇസ്മായിൽസാഹിബിന്റെ പ്രസംഗം ഏറനാടൻ ജനത സശ്രദ്ധം കേട്ടുനിന്നു. ഇസ്ലാമെന്നാൽ സമാധാനമാണെന്ന് മൗലവി സാഹിബ് പറഞ്ഞു. ഇസ്ലാം സഹിഷ്ണുതയുടേതാണ്. അതിന്റെ അർത്ഥമറിയാത്തവരാണ് ഇസ്ലാമിനെ മോശമാക്കുന്നത്. അഹ്മദികൾ പ്രബോധിക്കുന്നത് സമാധാനത്തിന്റെ മതമാണ്. അത് പ്രവാചകൻ കാണിച്ചുതന്ന യഥാർത്ഥ ഇസ്ലാമിന്റെ ഉദ്ബോധനമാണ്. മൗലവി സാഹിബ് തുടർന്ന് പറഞ്ഞു. ചടങ്ങിൽ ഖുദ്ദാമുൽ അഹ്മദിയ്യ മലപ്പുറം ജില്ലാ തബ്ലീഗ് സെക്രട്ടറി മുബാറക് അഹ്മദ് സാഹിബ് സ്വാഗതവും പറഞ്ഞു. യാസർ അറഫാത്ത് തിലാവത്ത് നടത്തി.

രണ്ടാം ദിവസത്തെ സമ്മേളനത്തിൽ ഖുദ്ദാമുൽ അഹ്മദിയ്യാ മലപ്പുറം ജില്ലാ ഖാഇദ് അബ്ദുൽ ഗനി സിദ്ദീഖ് സാഹിബ് ആധ്യക്ഷം വഹിച്ചു.

# വിജയശ്രീലാളിതരായ മുസ്ലിംകളുടെ ചര്യകൾ

പരിഭാഷ: അഹ്മദ് ശാഫി

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ യു.എസ്.എ പ്രസിദ്ധപ്പെടുത്തിയ ഹാബിറ്റ്സ് ഓഫ് ഹൈലി സക്സക്സ്ഫുൾ മുസ്ലിംസ് എന്ന ചെറുഗ്രന്ഥത്തിന്റെ പരിഭാഷയാണിത്. ഡോ. സിയാ ഷാ സാഹിബാണ് ഇതിന്റെ രചയിതാവ്. ഖാദിംകളെ ഉത്തമനേതൃഗുണങ്ങളോളും കൂടിയ മാതൃകായോഗ്യരായ മുസ്ലിം പൗരന്മാരായി മാറാൻ പ്രചോദിപ്പിക്കുക എന്ന ഉദ്ദേശ്യമാണ് പ്രസാദകരുടെ ഈ പരിശ്രമത്തിനു പിന്നിൽ.

### പ്രാർത്ഥന(ദുആ)യുടെ ഫലപ്രാപ്തി

എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്ന പക്ഷം (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥന യ്ക്ക് ഞാൻ ഉത്തരം നൽകും, അവൻ എന്നെ വിളിച്ച് പ്രാർത്ഥിക്കുമ്പോൾ. അതുകൊണ്ട് അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ, അവർ സന്മാർഗ്ഗം പ്രാപിക്കുന്നതിനുവേണ്ടി (2:187).

പറയുക: ''നിങ്ങളുടെ പ്രാർത്ഥന ഇല്ലായിരുന്നെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്തു വിലവെക്കാനാണ്. എന്നാൽ, നിങ്ങൾ സത്യത്തെ നിഷേധിച്ചുകളഞ്ഞു. അതിനാൽ അത് (ആ നിഷേധത്തിന്റെ ഫലമായുള്ള അത്യാപത്ത്) നിങ്ങളെ പിടികൂടുക തന്നെ ചെയ്യും" (25:78).

ആരാണോ ദൈവത്തെ വിളിക്കുന്നത് അവന് ദൈവം സമീപസ്ഥനാണ്. ദൈവത്തെ ഭയപ്പെടുന്നവർക്ക് അവരുടെ ആഗ്രഹങ്ങളെ അവൻ പൂർത്തീകരിച്ചുകൊടുക്കുന്നു. അവരുടെ രോദനം അവൻ കേൾക്കുന്നു. അവരെ രക്ഷിക്കുന്നു (ബൈബിൾ, 145:18-20).

ഒരുവന് സ്വരൂപിക്കാവുന്ന ഏറ്റവും ശക്തിയേറിയ ഊർജ്ജരൂപമാണ് പ്രാർത്ഥന. ഭൗമിക ഗുരുത്വാകർഷണബലം പോലെതന്നെ യാഥാർത്ഥ്യമായ ഒന്നാണത്. പ്രാർത്ഥനയിൽ മനുഷ്യർ സർവ്വ ഊർജ്ജരൂപങ്ങളുടെയും അനന്ത സ്രോതസ്സിനെ അഭിസംബോധന ചെയ്തുകൊണ്ട് തങ്ങളുടെ നിയതമായ ഊർജ്ജം വർദ്ധിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. (ഡോ. അലക്സിസ് കാരൽ).

ഒരു മുസൽമാന്റെ ഏറ്റവും വലിയ ആയുധം പ്രാർത്ഥനയായിരിക്കണം. അല്ലെങ്കിൽ പ്രാർത്ഥനയാണ്. ഇക്കാര്യം ഖലീഫത്തുൽ മുസ്ലിമീൻ ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്) ആവർത്തിച്ച് ഊന്നിപറഞ്ഞിട്ടുള്ളതാണ്. ഈ വിഷയത്തിന്റെ വലിപ്പം കണക്കിലെടുത്ത് ഈ പുസ്തകത്തിന്റെ ആദ്യത്തെ അധ്യായം ജീവിതവിജയത്തിന്റെ സുപ്രധാന ഉപാധിയായ പ്രാർത്ഥനയെ കേന്ദ്രീകരിച്ചായിരിക്കും. മിക്ക ആളുകളും മനസ്സിലാക്കിയിരിക്കുന്നതിൽനിന്നും വ്യത്യസ്തമായി പ്രാർത്ഥനക്ക് നമ്മുടെ ജീവിതത്തിൽ വളരെ വലിയ പങ്കുണ്ട്. വർത്തമാന കാലഘട്ടത്തിൽ ഭൗതികതയുടെ ആഴത്തിലുള്ള സ്വാധീനം കാരണം മതവിശ്വാസികൾപോലും പ്രാർത്ഥനയുടെ സ്വാധീനത്തെ പൂർണ്ണമായി അംഗീകരിച്ചിട്ടില്ല. മുഹമ്മദ് നബി(സ)യുടെ ആഗമനം അതിനും നൂറുകണക്കിനു വർഷങ്ങൾക്കു മുമ്പേ ഇബ്റാഹിം നബി(അ) ചെയ്ത പ്രാർത്ഥനയുടെ സ്വീകാര്യതയാണെന്ന് വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു (2:130). പടിഞ്ഞാറൻ സമൂഹങ്ങളുടെ ഇന്നുകാണുന്ന പുരോഗതി ഈസാ നബി(അ) ചെയ്ത പ്രാർത്ഥനയുടെ സ്വീകാര്യതയാണെന്ന് വിശുദ്ധഖുർആൻ പറയുന്നു (5:116). അതിന്നർത്ഥം പ്രസ്തുത കാര്യങ്ങൾ സംഭവിച്ചതിന് മറ്റു ഘടകങ്ങളൊന്നും സ്വാധീനിച്ചിരുന്നില്ല എന്നല്ല. മനുഷ്യജീവിതം രണ്ടുതരം നൂലുകളാൽ നെയ്തെടുത്തതാണ്. മനുഷ്യന്റെ പരിശ്രമവും സാധാരണ പ്രകൃതി നിയമങ്ങളുമാണ് ആദ്യത്തേത്. ദൈവികമായ അനുഗ്രഹവും ആത്മീയ നിയമങ്ങളുമാണ് രണ്ടാമത്തേത്. രണ്ടുതരം നൂലുകളും ഒരേ സമയം ഒരുമിച്ച് നിലനിൽക്കുന്നതുമാണ്. (തുടരും)

2008
ആഗസ്റ്റ്-സെപ്തംബർ
ശഅ്ബാൻ-
റമസാൻ- ശവ്വാൽ

## റമദാൻ വിശുദ്ധി

റമദാന്റെ പരിശുദ്ധിയിലൂടെയാണ് വിശ്വാസികൾ കടന്നുപോകുന്നത്. ആത്മസംസ്കരണത്തിന്റെ ഈ നാളുകൾ സ്വർഗ്ഗീയമത്രെ. മാനുഷികമായ പരിമിതികളെ നിർദ്ദയം ചെറുക്കാനുള്ള സമയമാണിത്. ഇന്ദ്രിയങ്ങളുടെ കടിഞ്ഞാൺ ഉപാസനയിലൂടെ മുറുകെപ്പിടിക്കുക എന്നത് റമദാന്റെ സന്ദേശമാകുന്നു. ഇസ്ലാമിക കലണ്ടറിൽ 9-ാമത്തെ മാസമായ റമദാൻ നൽകുന്ന ഈയൊരു സന്ദേശം കാലാതീതവും ദേശാതീതവുമത്രെ.

ഹദീസുകൾ പറയുന്നതനുസരിച്ച് നോമ്പ് അല്ലാഹുവിനുള്ളതാണ്. കാരണം നോമ്പുകാരന്റെ യഥാർത്ഥ വിനിമയം അല്ലാഹുവുമായി നേരിട്ടാണ്. ഒരാൾ നോമ്പെടുത്തു എന്നത് ദൈവം മാത്രം അറിയുന്നതും മനസ്സിലാക്കുന്നതുമായ വസ്തുതയാണ്. മാലോകരെ കബളിപ്പിക്കാം. സർവ്വശക്തനായ അല്ലാഹുവിനെയോ? ശരീരത്തെ ക്ഷീണിപ്പിക്കുക എന്ന ഭൗതികമായ ചടങ്ങ് മാത്രമല്ല വ്രതാനുഷ്ഠാനം. അത് ആത്മീയ പ്രചോദനമാണ്. ദൈവത്തോട് കൂടുതൽ അടുക്കാനുള്ള സമയം ദൈവത്തോട് അടുക്കുമ്പോൾ മനുഷ്യന്റെ ഹൃദയം നവീകരിക്കപ്പെടണം. ഈ നവീകരണത്തിന്റെ ഋതുവാണ് റമദാൻ.

ഇസ്ലാം മുന്നോട്ടുവയ്ക്കുന്ന ജീവിതക്രമത്തിൽ ത്യാഗത്തിനും സഹനത്തിനും വലിയ പങ്കാണുള്ളത്. ആത്മാവ്, ശരീരം, ധനം എന്നിങ്ങനെ ത്യജിക്കാനുള്ള സകലതിനെയും സമയാസമയങ്ങളിൽ ദൈവത്തിങ്കലർപ്പിക്കാനുള്ള മനോനില ഈ പദ്ധതിയിലൂടെ പരിശീലിപ്പിക്കപ്പെടുന്നുണ്ട്. അതായത്, വ്രതാനുഷ്ഠാനങ്ങൾക്ക് ശേഷവും ജീവിതപരിശുദ്ധി കാത്തുസൂക്ഷിക്കപ്പെടണം. ത്യാഗവും സഹനവും എത്രമാത്രം ഉണ്ടാകുന്നുണ്ടോ അത്രയും നീളുന്ന ജീവിത വിശുദ്ധി മനുഷ്യന് കരഗതമാകുന്നു. ചുരുക്കത്തിൽ ആത്മാവിനേയും ശരീരത്തേയും ഒരേസമയം സക്രിയമാക്കാനുള്ളതാണ് റമദാൻ വ്രതം.

ദാനധർമ്മങ്ങൾ റമദാന്റെ ദിവസങ്ങളിൽ കൂടുതലുണ്ടാകുന്നു. വിശക്കുന്നവന്റെ, വേദനിക്കുന്നവന്റെ കണ്ണീരിന് ഇസ്ലാമിന്റെ ചട്ടക്കൂട്ടിൽ സാന്ത്വനമുണ്ട്. അത് നിത്യവും, നിരുപാധികവുമാണ്. വിശ്വാസിയുടെ നമസ്കാരവും, വ്രതാനുഷ്ഠാനവും തനിക്ക് മാത്രമാകുന്നില്ല. അത് സകല സൃഷ്ടികൾക്കും വേണ്ടിയാണ്. ഈയൊരു സാന്ത്വനം റമദാനിൽ വർദ്ധിക്കുന്നുണ്ട്. യുവതലമുറയ്ക്ക് റമദാൻ ഒരു ശീലവും പരിശീലനവുമാണ്. ഭാവിയിൽ ദൈവത്തോടടുത്തു നിൽക്കാനുള്ള പരിശീലനം. തിന്മകളെ പുറന്തള്ളുന്ന ഒരു നല്ല ശീലം. ഇവ സ്വായത്തമാകുമ്പോൾ യുവതയിൽ ദൈവസ്നേഹത്തിന്റെ വലിയ മാതൃകകൾ ഉണ്ടാകുന്നു. അത് നമ്മുടെ ജീവിതത്തെ സമാധാനപൂർണ്ണമായി മുന്നോട്ടു നയിക്കും.

# വിജ്ഞാനം ആർജ്ജിക്കുക; ജീവിതം ക്രമപ്പെടുത്തുക:
## മുഹമ്മദ് ഇസ്മായിൽ താഹിർ സാഹിബ്



**എറണാകുളം:** വിജ്ഞാനം ആർജ്ജിച്ചാൽ മാത്രമേ ജീവിതം ക്രമപ്പടുത്തുവാൻ സാധിക്കുകയുള്ളൂവെന്നും വാഗ്ദത്ത മസീഹ്(അ) അവതരിച്ചത് ഇതേക്കുറിച്ച് നമ്മെ ഉണർത്തുവാനാണെന്നും മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ സദ്ർ മുഹമ്മദ് ഇസ്മായിൽ താഹിർ സാഹിബ് അഭിപ്രായപ്പെട്ടു. എറണാകുളം മസ്ജിദ് ഉമറിൽ സംഘടിപ്പിച്ച സ്വീകരണയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാസമ്പന്നരായ ആളുകൾക്ക് മാത്രമേ മതത്തെ ഉൾക്കൊള്ളാൻ സാധിക്കുകയുള്ളൂ. തൗഹീദ് ലോകത്ത് സ്ഥാപിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. ഹുസൂർ തിരുമനസ്സിന്റെ ഓരോ നിർദ്ദേശവും നാം പ്രാവർത്തികമാക്കേണ്ടതുണ്ട്. സമയത്യാഗം വളരെ സുപ്രധാനമായ കാര്യമാണ്. ചെയ്യേണ്ട കാര്യങ്ങൾ യഥാസമയം ചെയ്തില്ലെങ്കിൽ പരാജയമായിരിക്കും ഫലം. എപ്പോഴും വിജയിക്കുന്ന സമൂഹം പ്ലാനിങ്ങോടെ പ്രവർത്തിക്കുന്നതായി നമുക്ക് കാണാം. വഖ്ഫെനൗ കുട്ടികളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിയുന്നില്ലെന്നും സദ്ർ സാഹിബ് പറഞ്ഞു. റിപ്പോർട്ടുകളൊന്നും തന്നെ യഥാസമയം ലഭിക്കുന്നില്ല. ഒക്ടോബറിൽ വഖ്ഫെ കുട്ടികൾക്കായി ഇജ്തിമ സംഘടിപ്പിക്കുന്നതാണെന്ന് സദ്ർ സാഹിബ് തുടർന്ന് പറഞ്ഞു. നാം സ്നേഹിക്കുന്നതിനേക്കാൾ ഹുസൂർ തിരുമനസ്സ് നമ്മെ സ്നേഹിക്കുന്നുണ്ടെന്ന് ഒരനഹ്മദി സഹോദരന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട്, സ്വീകരണയോഗത്തിൽ അധ്യക്ഷത വഹിച്ച എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് പറഞ്ഞു. നല്ലരീതിയിൽ ആരാധനാകർമ്മത്തിൽ ഏർപ്പെട്ടാൽ മാത്രമേ നമുക്ക് ഖിലാഫത്തിനോട് കൂറുണ്ടാവുകയുള്ളൂ. സത്യവിശ്വാസികളുടെ ഓരോ പ്രവർത്തിയും ചങ്ങല പോലെ പരസ്പരം ബന്ധിതമാണ്. കൊടുക്കൽ വാങ്ങലുകളിൽ സൂക്ഷ്മത പുലർത്തുക. സൃഷ്ടികളോട് നന്ദി കാണിക്കാത്തവന് സ്രഷ്ടാവിനോടും നന്ദി കാണിക്കാനാവില്ലെന്ന നബിവചനം അമീർ സാഹിബ് ഓർമ്മപ്പെടുത്തി. യോഗത്തിൽ മുഹമ്മദ് യൂനുസ് സാഹിബ് ഖുർആൻ പാരായണം നിർവഹിച്ചു. സംസ്ഥാന ഇജ്തിമായിൽ ഒന്നാം സ്ഥാനം ലഭിച്ച ഉർദു പദ്യം നിശാദ് സാഹിബ് ആലപിച്ചു. സൗത്ത് ഇലാഖാ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ് ആമുഖപ്രഭാഷണം നടത്തി. ഖുദ്ദാമുൽ അഹ്മദിയ്യാ എറണാകുളം മേഖലയുടെ ഉപഹാരം അമീർ സാഹിബ് സദ്ർ സാഹിബിന് നല്കി. എറണാകുളം മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായ്ക്ക് കേന്ദ്രത്തിൽനിന്ന് ലഭിച്ച പ്രത്യേക സമ്മാനം സദ്ർ സാഹിബ് സമ്മാനിച്ചു. ജില്ലാ ഖാഇദ് മുഹമ്മദ് സഫ്വാൻ സാഹിബ് യോഗത്തിൽ നന്ദിപ്രകാശനം നിർവ്വഹിച്ചു. എറണാകുളം മേഖലയിലെ വിവിധ ജമാഅത്തുകളിൽനിന്നുള്ള അംഗങ്ങൾ യോഗത്തിൽ സംബന്ധിച്ചിരുന്നു. നേരത്തേ ഖുദ്ദാമുൽ അഹ്മദിയ്യായുടെ പുതിയ ഓഫീസും പള്ളിയോട് ചേർത്ത് പണിത മനോഹരമായ പതിയ ലൈബ്രറിയും സദ്ർ സാഹിബും അഖിലേന്ത്യാ നാഇബ് സദ്ർ ഡോക്ടർ സ്വലാഹുദ്ദീൻ സാഹിബും സന്ദർശിക്കുകയും സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. സ്വീകരണയോഗത്തെക്കുറിച്ച് 'മാതൃഭൂമി' പത്രം റിപ്പോർട്ട് ചെയ്തിരുന്നു.

### അറിയിപ്പ്

**അൽഹഖ് - ഖുത്ബ വരിസംഖ്യ കുടിശ്ശികയുള്ള മജ്ലിസുകൾ താഴെ പറയുന്ന വിലാസത്തിൽ അയച്ചുതരിക.**
**അൽഹഖ്, അഹ്മദിയ്യാ കോംപ്ലക്സ്,**
**ഫോർട്ട് റോഡ്, കണ്ണൂർ-1**

# ജിയോടി.വി. പരിപാടിയെ ജമാഅത്ത് അപലപിച്ചു

സ്വന്തം ലേഖകൻ

**ലണ്ടൻ** പാക്കിസ്ഥാനിലും മറ്റിതര രാജ്യങ്ങളിലും സംപ്രേഷണം ചെയ്യുന്ന ജിയോ ടെലിവിഷൻ ചാനൽ നടത്തിയ അഹ്മദിയ്യ വിരുദ്ധ ടി.വി. പരിപാടിയെ ലണ്ടനിൽ പുറത്തിറക്കിയ വാർത്താകുറിപ്പിലൂടെ അഹ്മദിയ്യാ ജമാഅത്ത് കടുത്ത ഭാഷയിൽ അപലപിച്ചു. സപ്തംബർ 7-നാണ് ആലിം ഓൺ ലൈൻ എന്ന് പേരുള്ള പരിപാടി ജിയോ ടി.വി. സംപ്രേഷണം ചെയ്തത്. പാക്കിസ്ഥാനിൽ അഹ്മദികളെ അമുസ്ലിംകളായി പ്രഖ്യാപിച്ചതിന്റെ 34-ാം വാർഷികമായിരുന്നു അന്ന്. അമീർ ലിയാഖത്ത് ഹുസൈൻ അവതരിപ്പിച്ച പരിപാടിയിൽ ഒരു പാനൽ ചർച്ചയും, ടെലിഫോൺ ചർച്ചയും ഉൾപ്പെട്ടിരുന്നു.

പരിപാടിയുടെ മുഖ്യ സമയവും വിനിയോഗിച്ചത് അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകൻ ഹദ്റത്ത് അഹ്മദ്(അ)നെ അവഹേളിക്കാനായിരുന്നു. അഹ്മദികൾക്ക് മാത്രമല്ല സമാധാനപ്രിയരായ മുഴുവൻ ആളുകൾക്കും അരോചകമായി തോന്നുന്ന ഭാഷയായിരുന്നു പരിപാടിയിലുടനീളം ഉപയോഗിച്ചത്. പാനൽ ചർച്ചയിലും ടെലിഫോൺ ഭാഷണങ്ങളിലും പങ്കെടുത്തവർ മുഴുവനും അഹ്മദിയ്യത്തിനെതിരെ സർവ്വശക്തിയുമെടുത്ത് ആഞ്ഞടിച്ചു. വജ്ബുൾ ഖത്തൽ എന്നായിരുന്നു അഹ്മദികളെ വിശേഷിപ്പിച്ചത്. (വധശിക്ഷയ്ക്ക് അർഹർ എന്നർത്ഥം).

ഈ പരിപാടി കഴിഞ്ഞ് തൊട്ടടുത്ത ദിവസം മിർപുർഖാസിലെ അഹ്മദിയ്യ ജമാഅത്ത് പ്രസിഡണ്ട് അബ്ദുൽ മന്നാൻ സിദ്ദിഖിയും, പിന്നീട് നവാബ് ഷാ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് പ്രസിഡണ്ട് സേട്ട് മുഹമ്മദ് യൂസുഫും വെടിയേറ്റു മരിച്ചു. യാതൊരു പ്രകോപനവുമില്ലാതിരുന്ന സ്ഥലങ്ങളിൽ, പട്ടാപകലാണ് ഇരുവരും കൊല്ലപ്പെട്ടത്. അഹ്മദിയ്യത്തിനെതിരെ നടത്തുന്ന ഹീനമായ പ്രചാരണ പ്രവർത്തനങ്ങൾക്കെതിരെ ജാഗ്രത പാലിക്കാൻ ജമാഅത്തിന്റെ പ്രസ്സ് സിക്രട്ടറി ആബിദ്ഖാൻ അന്താരാഷ്ട്ര സമൂഹത്തോട് അഭ്യർത്ഥിച്ചു.

# ചൈനയിൽ റമദാൻ പാടില്ല!

പ്രത്യേക ലേഖകൻ

പടിഞ്ഞാറൻ ചൈനയിൽ റമദാൻ ആചരിക്കുന്നതിൽ നിന്ന് മുസ്ലിംകളെ തടയുന്നു. വടക്കുപടിഞ്ഞാറൻ ചൈനയുടെ പല പ്രവിശ്യകളിലും മുസ്ലിം മതവിശ്വാസികളോട് റമദാൻ അനുഷ്ഠാനങ്ങൾ പാടില്ലായെന്ന് ഗവർമ്മെന്റ് ഉത്തരവിട്ടിരിക്കുകയാണ്. യിംഗമാലി നഗരത്തിൽ ഉത്തരവ് കർശനമാണ്. സ്ത്രീകൾ പർദ്ദ ധരിക്കുന്നതും, പുരുഷന്മാർ താടി നീട്ടുന്നതും നിരോധിച്ചുകഴിഞ്ഞു. കൂടാതെ ഈ നഗരത്തിൽ ഓരോ പള്ളിയിലും ആഴ്ചയിലൊരിക്കൽ ഉദ്യോഗസ്ഥന്മാർ പരിശോധന നടത്തുന്നുമുണ്ട്. സിംഗ്ജിയാങ്ങ് പ്രവിശ്യയിലും ഇതേപടിയുള്ള നിരോധനങ്ങൾ നിലവിലുണ്ട്. താടി വളർത്തുന്നതും, പർദ്ദ ധരിക്കുന്നതും പ്രവിശ്യാ അധികൃതർ വിലക്കിയിട്ടുണ്ട്. കഴിഞ്ഞ ആഗസ്റ്റ് 10-ന് ബോംബാക്രമണം നടന്ന കുംക്ക പട്ടണം ഇവിടെയടുത്താണ്. ഈ പ്രദേശം 'വിഗർസ്' എന്ന തുർക്കി വംശജരായ മുസ്ലിംകൾ ഭൂരിപക്ഷമായ സ്ഥലവുമാണ്. ഇവിടെ നേരത്തേ തന്നെ വിഘടനവാദ പ്രവർത്തനങ്ങൾ നടക്കുന്നതായി റിപ്പോർട്ടുണ്ടായിരുന്നു. എന്തായാലും അയൽ രാജ്യങ്ങളിലെ മുസ്ലിം ഭൂരിപക്ഷ രാജ്യങ്ങളിൽ നിന്ന് വിഘടനശക്തികൾ എത്തിച്ചേരാനുള്ള സാധ്യത മുൻനിർത്തിയാണ് ചൈന റമദാനുമീതെ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നത്.

സിൻഹേ പ്രവിശ്യയിൽ എല്ലാ ഗവർമ്മെന്റ് ഉദ്യോഗസ്ഥർക്കും കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങൾക്കും റമദാൻ നോമ്പനുഷ്ഠിക്കുന്നതിൽനിന്ന് ഗവർമ്മെന്റ് വിലക്കേർപ്പെടുത്തിയിട്ടുണ്ട്. ഇവിടെ മുസ്ലിം ഭൂരിപക്ഷ മേഖലകളിൽ റമദാനിൽ ഹോട്ടലുകൾ പകൽ സമയം അടച്ചിടുന്നതിന്നെതിരെയും അധികൃതർ നടപടിയെടുത്തുവരുന്നു. കുട്ടികളെ നിർബന്ധിച്ച് നോമ്പെടുപ്പിച്ചാൽ പ്രത്യേക ശിക്ഷ ഉറപ്പാണ്. പള്ളികളുടെ മീതെ വലിയ നിയന്ത്രണങ്ങളാണുള്ളത്. പുറത്തുനിന്നുള്ള ആളുകളെ പള്ളികളിൽ കയറുന്നതിനെതിരെ ഗവർമ്മെന്റ് വിലക്കേർപ്പെടുത്തി. മതവിശ്വാസം കുട്ടികളിൽ അടിച്ചേൽപ്പിക്കുന്നതിനെതിരെ ഗവർമ്മെന്റ് നിയന്ത്രണങ്ങൾ കർശനമാണ്.

*ചരിത്രപഥം*

# ദുഃഖം ഘനീഭവിച്ച വേർപാട്

**1936** മാർച്ച് 10-ാം തിയ്യതി അദ്ദേഹം റങ്കൂണിൽനിന്ന് തന്റെ സീമന്ത പുത്രൻ നടുവിലകത്ത് ഹാമിദ് സാഹിബിന് അയച്ച കത്തിലെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്.

"എന്റെ ഹാമിദിന് അബ്ദുൽ ഖാദിർകുട്ടി എഴുതിയത്. നിന്റെ കത്തുകളെല്ലാം കിട്ടി. കുട്ടികളുടെ കത്തും കിട്ടി. മൗലവി അബ്ദുല്ലാഹ് സാഹിബിന്റെ കത്തും കിട്ടി. അതിന് മറുപടി ഏതുതരത്തിൽകൂടിയാണ് എഴുതേണ്ടത് എന്ന് ആലോചിച്ചിട്ട് ഒരന്തം കിട്ടിയിട്ടില്ല. കത്തിന്റെ അസ്സൽ താൽപര്യം ഞാനുടനെ പുറപ്പെടേണ്ടതിനാണ്. അതിന്റെ മറുപടി... അടുത്ത മെയ്യിൽ പുറപ്പെടുന്നുവെന്നാണ്.... മുൻകാലത്തേയുള്ള എന്റെ പ്രാർത്ഥന പൊടുന്നനേയുള്ള മരണത്തിന്നാകുന്നു; പെരുത്ത് കിടന്നു അലഞ്ഞു മുഷിഞ്ഞു ശുശ്രൂഷ ചെയ്യാൻ ആളില്ലാത്ത മരണത്തിനല്ല. ഞാൻ എന്റെ ശരീരത്തിന്റെ കൂറിനേയും എനിക്കുള്ള രോഗത്തേയും അതിന്റെ പുലർച്ചയേയും നല്ലപ്രകാരം അറിയും. അതിന്റെ മാർഗ്ഗത്തിൽ എന്റെ അഭിപ്രായം ഇനി അധികം നാൾ ഇല്ല. ഇനി കുറഞ്ഞ ദീർഘമുണ്ടെങ്കിൽ, അത് അവിടെ വന്നതിൽപിന്നെ പുറത്തിറങ്ങി നടക്കാനോ അല്ലെങ്കിൽ മുകളിൽ ഏണി കയറുകയും ഇറങ്ങുകയും ചെയ്യാനോ ഉള്ള തരത്തിൽ പോലും ആയിരിക്കുകയില്ല. വലിയ രോഗം പെട്ടന്നെ വന്നു പോയിട്ടുണ്ടെങ്കിൽ ഡോക്ടറെ വിളിച്ചു ചികിത്സിക്കേണ്ടതിനുള്ള ശക്തിയുണ്ടെന്നും എനിക്ക് തോന്നുന്നില്ല. ഇപ്പോൾ നടക്കുന്ന തരത്തിൽകൂടി ആയിശ്ശബിനേയും കുട്ടികളേയും എല്ലാം ഒന്നുകണ്ടു കളയാമെന്നു എനിക്കുള്ളിൽ ആഗ്രഹമുണ്ട്. അത് സാധിച്ചുതരുമോ എന്നറിയുകയില്ല."

1936 മെയ് 9-ാം തിയ്യതി അബ്ദുൽഖാദിർകുട്ടി സാഹിബ് കണ്ണൂരിൽനിന്ന് മൗലാനാ അബ്ദുല്ലാഹ് സാഹിബിന് ശ്രീലങ്കയിലേക്ക് അയച്ച കത്തിലെ വരികളും സാന്ദർഭികമായി താഴെ ചേർക്കുന്നു.

"29-ാം തിയ്യതി ബുധനാഴ്ച ഞാനിവിടെ എത്തി. സൗഖ്യംതന്നെ. ഏപ്രിൽ 24-ാം തിയ്യതി വെള്ളിയാഴ്ച കഠിനമായ കൊടുങ്കാറ്റും കടൽക്ഷോഭവുമായിരുന്നു. അതിനാൽ, ഒരു നാൾ താമസിച്ചാണ് മദിരാശിയിൽ എത്തിയത്. ബുധനാഴ്ച ഷൊർണ്ണൂരിൽവച്ച് മിസ്റ്റർ ആമദുകുട്ടിയെ കണ്ടു. ഏതാനും വിവരങ്ങൾ അറിഞ്ഞു. ഈ വരുന്ന ഞായറാഴ്ച ഇവിടത്തേക്ക് വരുന്നതാണെന്നു പറഞ്ഞു.

കോഴിക്കോടുസ്റ്റേഷനിൽ എത്തിയപ്പോൾ സ്റ്റേഷനിൽ കലന്തൻകോയഹാജി, മമ്മദ്ക്ക, ആമദുകുട്ടിയുടെ രണ്ടനുജന്മാരും മകനും നൈനാൻകുട്ടി, ആലിക്കോയ മുതലായ ചിലരും ഉണ്ടായിരുന്നു. അവരെ കണ്ടു സന്തോഷിച്ചു പിരിഞ്ഞു.

ഒന്നരമണിക്ക് കണ്ണൂർ സ്റ്റേഷനിൽ എത്തിയപ്പോൾ അവിടെ ഹാമിദും മറ്റു കുട്ടികളും അഹ്മദിയ്യ സഹോദരങ്ങളും ഉണ്ടായിരുന്നു. മഗ്‌രിബ് നമസ്കാരത്തിന് സുമാർ 50 ആളുകളും, പിറ്റേന്ന് ജുമുഅ ദിവസം കുട്ടികളടക്കം 70,75 ആളുകളും ഉണ്ടായിരുന്നു. എല്ലാവരുമായും കണ്ടു സന്തോഷിച്ചു.

21-ാം തിയ്യതി ഫഖ്റുദ്ദീൻ ബോംബെയിൽനിന്നു പഴയങ്ങാടിയിലെത്തുകയും അന്നുതന്നെ ഇവിടെവന്നു മുഖദാവിൽ കണ്ടു പിറ്റേന്ന് മടങ്ങിപ്പോവുകയും ചെയ്തു. പഴയങ്ങാടിയിൽ പോകണമെന്നു വിചാരിച്ചിരുന്നു; കഴിഞ്ഞിട്ടില്ല. രണ്ടു മൂന്നു നാൾക്കുള്ളിൽ നാലകത്ത് ഹസ്സൻകുഞ്ഞി പോകുമ്പോൾ കൂടെപോകും. ഞായറാഴ്ച ആമദുകുട്ടി വന്നിട്ടുണ്ടെങ്കിൽ മടക്കത്തിൽ കോഴിക്കോടു പോകും......

എന്റെ അഭിപ്രായത്തിൽ പഴയ അഹ്മദിയാക്കളുടെ മക്കളിൽ ഇപ്പോൾ ആരെല്ലാം അഹ്മദികളായിട്ട് നില്ക്കുന്നുവോ- അഹ്മദിയാക്കളുടെ മക്കൾ അഹ്മദി

പേജ് 7-ൽ

*(അവലംബം: കേരള അഹ്മദിയ്യാ ചരിത്രത്തിന് ഒരാമുഖം - എ. അബ്ദുശ്ശക്കൂർ)*

# വാട്ടർ ഫിൽട്ടർ നല്കി



**തിരൂർ:** തിരൂർ മജ്‌ലിസ് ഖാദിമീങ്ങൾ മന്ദബുദ്ധികളായ കുട്ടികൾ പഠിക്കുന്ന കോട്ടക്കൽ എ.ഡബ്ല്യു.എച്ച് സ്കൂളിലെ സ്വാതന്ത്ര്യദിന പരിപാടികളിൽ പങ്കെടുത്തു. ഖായിദ് സി.ടി. അബ്ദുൽ റസാഖ് സാഹിബിന്റെ നേതൃത്വത്തിൽ എത്തിയ ഖാദിമീങ്ങൾ മന്ദബുദ്ധികളും അംഗവൈകല്യം സംഭവിച്ചതുമായ കുട്ടികളോടൊപ്പം സമയം ചെലവഴിക്കുകയും അവർക്ക് മിഠായി വിതരണം ചെയ്യുകയും കുടിവെള്ളത്തിന് സംവിധാനം ഇല്ലാതിരിക്കുന്ന സ്കൂളിന് വാട്ടർ ഫിൽട്ടർ നൽകുകയും ചെയ്തു. ചടങ്ങിൽ പങ്കെടുത്ത കോട്ടക്കൽ പഞ്ചായത്ത് പ്രസിഡന്റ് അഹ്മദിയ്യാ മുസ്‌ലിം യുവജന സംഘടനയെ അനുമോദിക്കുകയും മറ്റുള്ളവർക്ക് ഇതൊരു മാതൃകയാവണം എന്നും അഭിപ്രായപ്പെട്ടു. അഹ്മദിയ്യാ പ്രവർത്തകർക്ക് ഇനിയും ഇത്തരം സൽപ്രവർത്തികൾ ചെയ്യാൻ സാധിക്കട്ടെ എന്ന് പ്രത്യാശിക്കുകയും ചെയ്തു.

# പാക്കിസ്ഥാനിൽ അഹ്മദി ഡോക്ടറെ ശഹീദാക്കി



**പാക്കിസ്ഥാൻ:** മീർപൂർക്കാസ് ജില്ലയിൽ ഫസ്‌ലെ ഉമർ ആശുപത്രി നടത്തുന്ന അഹ്മദീ ഡോക്ടറായ ജനാബ് അബ്ദുൽ മന്നാൻ സിദ്ദീഖിയെ സെപ്തംബർ 8-ന് തീവ്രവാദികൾ ആശുപത്രിയിൽ കയറി വെടിവെച്ചു കൊലപ്പെടുത്തി. അഹ്മദിയെന്ന കാരണത്താൽ ഉലമാക്കളിൽ നിന്നും വധഭീഷണി നേരിട്ടു കഴിയുകയായിരുന്നു ഡോക്ടർ. തന്റെ ആശുപത്രിയിലെ വിവിധ വാർഡുകളിലെ രോഗികളെ സന്ദർശിച്ച് മടങ്ങവെ ഓപ്പറേഷൻ തിയേറ്ററിന് മുന്നിൽവച്ചാണ് വെടിയേറ്റത്. നിരവധി വെടിയുണ്ടകൾ അദ്ദേഹത്തിന്റെ ശരീരത്തിൽ തുളച്ചുകയറി. ഉടൻതന്നെ മരണം സംഭവിച്ചു. അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ഗാർഡിനും രണ്ട് രോഗികൾക്കും പരിക്കേറ്റിട്ടുണ്ട്. സംഭവം അറിഞ്ഞയുടനെ ജനങ്ങൾ തടിച്ചുകൂടിയതിനെ തുടർന്ന് ജനക്കൂട്ടത്തിനു നേരെ വെടിയുതിർത്തു കൊണ്ടാണ് അക്രമികൾ രക്ഷപ്പെട്ടത്. ഉന്നത പോലീസ് ഉദ്യോഗസ്ഥരും രാഷ്ട്രീയകക്ഷി നേതാക്കളും ആശുപത്രിയിലെത്തിയിരുന്നു. അദ്ദേഹത്തിന്റെ ജനാസ റബ്‌വയിൽ ഖബറടക്കി. മീർപുർക്കാസ് ജമാഅത്ത് സദർ ആയിരുന്നു.

വിവിധ കോണുകളിൽ നിന്നും അബ്ദുൽ മന്നാൻ സിദ്ദീഖ് സാഹിബിന്നെതിരെ വധഭീഷണി ഉയർന്നിരുന്നു. കൊലപാതകത്തിൽ പ്രതിഷേധിച്ച് ഡോക്ടർമാർ ജില്ലയിൽ 24 മണിക്കൂർ പണിമുടക്കി. പാക്കിസ്ഥാൻ മനുഷ്യാവകാശ സംഘടനയടക്കം നിരവധി എൻ.ജി.ഒ. പ്രവർത്തകർ നഗരത്തിൽ പ്രതിഷേധ പ്രകടനം നടത്തി. ഡോക്ടറുടെ കൊലപാതകത്തിന്നെതിരെ വ്യാപകമായ പ്രതിഷേധമാണുയർന്നിരിക്കുന്നത്. മീർപുർക്കാസ് ജില്ലയിലെ പ്രമുഖനായ ഹൃദ്രോഗവിദഗ്ദ്ധനായിരുന്നു അദ്ദേഹം. 48 വയസ്സ് പ്രായമായ അദ്ദേഹത്തിന് ഒരു മകനും മകളും ഉണ്ട്.

# പാക്കിസ്ഥാൻ: പുതിയ സർക്കാരിന്റെ നൂറുദിനം അഹ്മദികളുടെ പീഡനകാലം

**കറാച്ചി:** 2008 മാർച്ച് 25-ന് പാക്കിസ്ഥാൻ പുതിയ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തശേഷം സെയ്ദ് യൂസുഫ് റാസാ ഗീലാനി ഇപ്രകാരം പ്രസ്താവിച്ചു, "പാക്കിസ്ഥാൻ മതസ്വാതന്ത്ര്യത്തിൽ വിശ്വസിക്കുന്നു." അധികാരമേറ്റ് ഒരുമാസം കൊണ്ടുതന്നെ പാക്കിസ്ഥാനിലെ അഹ്മദീ സമൂഹത്തിന് കഴിഞ്ഞ ഒരു ദശാബ്ദത്തിനിടയിൽ നേരിടേണ്ടിവന്ന പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടിവന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. പാക്കിസ്ഥാനിലെ പുതിയ സർക്കാർ നൂറുദിവസം തികയ്ക്കുമ്പോഴുള്ള അഹ്മദീ പീഡന പട്ടിക താഴെ ചേർക്കുന്നു.

1. പോസ്റ്ററുകൾ പതിച്ചുവെന്ന കുറ്റം ചുമത്തി ജൂൺ 20-ന് നൻകാന സാദർ പോലീസ് സ്റ്റേഷനിൽ 16 അഹ്മദികൾക്കെതിരെ കേസെടുത്തു.
2. ജൂൺ 12-ന് രാത്രിയിൽ പഞ്ചാബ്- സിന്ധ് പ്രവിശ്യകളിൽ അഹ്മദീ വിരുദ്ധ കലാപം നടന്നു. 60 വീടുകൾ ആക്രമിക്കപ്പെട്ടു. പോലീസ് നിർജീവം.
3. ആസാദ് കാശ്മീരിൽ ജൂൺ ആദ്യവാരം അഹ്മദികളുടെ ആരാധനാലയം ബോംബ് വെച്ചുതകർത്തു. അക്രമികളെ അറസ്റ്റ് ചെയ്യുന്നതിന് പകരം നിരപരാധികളായ അഹ്മദികൾക്കെതിരെ കേസെടുക്കുകയും വീടുകൾ റെയ്ഡ് ചെയ്യുകയും ചെയ്തു.
4. ബദീൻ ജില്ലയിലെ പള്ളി മെയ് 12-ന് തകർത്തു.
5. ഖിലാഫത്ത് ജൂബിലി ആഘോഷം സംഘടിപ്പിച്ചതിന് റബ്‌വയിലുള്ള മുഴുവൻ അഹ്മദികൾക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തു.
6. റഹിംയർഖാൻ ജില്ലയിലെ കാൻപൂരിൽ 8 അഹ്മദികളെ അറസ്റ്റ് ചെയ്തു.
7. പാക്കിസ്ഥാൻ അമച്വർ ബാസ്കറ്റ്ബോൾ ഫെഡറേഷൻ റബ്‌വയിൽ സംഘടിപ്പിച്ച ബാസ്ക്കറ്റ്ബോൾ ചാമ്പ്യൻഷിപ്പ് നിരോധിച്ചു.
8. ഒരു മുല്ലക്ക് സലാം ചൊല്ലിയെന്നാരോപിച്ച് നാല് അഹ്മദികൾക്കെതിരെ മീർപൂരിൽ കേസെടുത്തു.
9. 75 കാരനായ സുബേദാർ മുഷ്താഖ് അഹ്മദിനെ അഹ്മദിയെന്ന കാരണത്താൽ മാത്രം സഹിവാൻ ജില്ലയിൽനിന്നും അറസ്റ്റ് ചെയ്തു.
10. അഹ്മദിയ്യത്ത് സ്വീകരിച്ച റബ്‌നവാസ് സാഹിബിനെ പാക്കിസ്ഥാൻ പീനൽകോഡ് 298സി വകുപ്പനുസരിച്ച് മെയ് 27-ന് അറസ്റ്റ് ചെയ്തു.
11. മോംഗ് കൂട്ടക്കൊല ക്കേസ് പ്രതികളെ നിരുപാധികം വിട്ടയച്ചു.

# ഫാസിസത്തിന്റെ വിഷവിത്തുകൾ

പ്രത്യേക ലേഖകൻ

ഗുജറാത്ത്, ഒറീസ്സ, കർണ്ണാടക.... സംസ്ഥാനങ്ങൾ ഒന്നൊന്നായി തെരഞ്ഞെടുക്കുകയാണ് ഹിന്ദുവർഗ്ഗീയ വാദികൾ. മൂന്നും ഭരിക്കുന്നത് ബിജെപിയെന്ന ദേശീയ പാർട്ടിതന്നെ. ഫാസിസത്തിന്റെ തേരോട്ടത്തിൽ ഭരണകൂടങ്ങൾ ഇല്ലാതാകുമെന്നത് രാഷ്ട്രമീമാംസയുടെ ബാലപാഠം. മൂന്നിടത്തും സംഭവിച്ചത് ഭരണകൂടത്തിന്റെ നിശ്ചലാവസ്ഥ. നരേന്ദ്രമോഡിയെന്ന നരാധമന്റെ അനുഗ്രഹാശിസ്സുകളോടെ ഗുജറാത്തിൽ അരങ്ങേറിയ വംശഹത്യ ഒരു പരീക്ഷണമായിരുന്നുവെന്ന് കുറച്ചുമുമ്പേ അൽഹഖ് ന്യൂസ് ഡസ്ക് വിലയിരുത്തിയിരുന്നു. പരീക്ഷണശാലയിൽവെച്ച് മിനുക്കിയെടുത്ത ആയുധകൂമ്പാരങ്ങൾ ഇന്ത്യയിലുടനീളം വിതരണം ചെയ്യാൻ മണിക്കൂറുകൾ മാത്രം മതിയെന്ന് സംഘപരിവാർ ആവർത്തിച്ചുറപ്പിക്കുകയാണ്. ചെറിയ തീപ്പൊരിയിൽ എണ്ണയൊഴിച്ച് ആളിക്കത്തിക്കാനുള്ള നുണയുടെ പർവ്വതങ്ങളുടെ കൈയിൽ സുരക്ഷിതമാണെന്ന് അവർ വീണ്ടും തെളിയിക്കുകയാണ്. മിത്തുകളിൽ അഭയം പ്രാപിച്ചുകൊണ്ടുള്ള സാങ്കല്പിക വിശ്വാസങ്ങൾ ഉദരപൂജക്ക് മാത്രമായി വിനിയോഗിക്കപ്പെടുമ്പോൾ അരിക്ഷതരാക്കപ്പെടുന്ന മർദ്ദിത വിഭാഗത്തിന് താൽക്കാലിക ആശ്വാസമായെത്തുന്ന 'മതപരിവർത്തനകാരികളെ' ഇന്ത്യയിൽ നിന്നും ആട്ടിയോടിക്കുകയെന്നതുതന്നെയാണ് RSS ന്റെയും വിശ്വഹിന്ദുപരിഷത്തിന്റെയും ബജ്‌രംഗ് ദളിന്റെയും ശിവസേനയുടെയും മുഖമുദ്ര. ആട്ടിൻ തോലണിഞ്ഞ ചെന്നായ്ക്കളുടെ ഉദാഹരണം പോലും ഇവർക്ക് പഥ്യമല്ല. കന്യാസ്ത്രീകളെയും പാതിരിമാരേയും പട്ടാപ്പകൽ ചുട്ടുചാമ്പലാക്കുന്ന, ആയിരക്കണക്കിന് ഭവനങ്ങളും ആരാധനാലയങ്ങളും ഒറ്റ ദിവസംകൊണ്ട് അഗ്നിക്കിരയാക്കുന്ന ഫാസിസ്റ്റ് ഭീകരതയേക്കാൾ മാധ്യമങ്ങൾക്കിഷ്ടം 'പൊട്ടാത്ത ബോംബ് വെച്ച്' മുസ്‌ലിം ചെറുപ്പക്കാരെ വേട്ടയാടുന്നതിലാണ്. കോടികൾ കീശയിലാക്കി ആടിനെ പട്ടിയാക്കുന്ന പത്രമാധ്യമങ്ങൾ യഥാർത്ഥ ഭീകരത മറച്ചുവെക്കുന്നു. ഗുജറാത്തിൽ മുസ്‌ലിംകൾക്കെതിരെയായിരുന്നുവെങ്കിൽ ഇപ്പോൾ മറ്റിടങ്ങളിൽ ക്രിസ്ത്യാനികൾക്കെതിരെയാണ്. എല്ലാം വർഷങ്ങൾക്കു മുമ്പേ രാകിയെടുത്ത ആയുധങ്ങളാണെന്നതാണ് സത്യം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിദേശപണം പറ്റുന്ന സംഘടന വിശ്വഹിന്ദുപരിഷത്താണെന്നാണ് റിപ്പോർട്ട്. മതപരിവർത്തനമെന്ന മുറവിളി കൂട്ടുന്നവർ ആശ്വാസ

പേജ് 5-ൽ

## വിശുദ്ധ ഖുർആൻ


"**വി**ശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണ മൂലം മനഃസമാധാനം പ്രാപിക്കുകയും ചെയ്തവർ അവരത്രെ. അല്ലാഹുവിന്റെ സ്മരണകൊണ്ട് മാത്രമേ മനഃസമാധാനം കൈവരികയുള്ളൂ.
വിശ്വസിക്കുകയും, സൽകർമ്മം അനുഷ്ഠിക്കുകയും ചെയ്തവരാരോ, അവർക്ക് സൗഭാഗ്യവും തിരിച്ച് ചെല്ലാനുള്ള ഏറ്റവും നല്ല സങ്കേതവുമുണ്ട്" (13:29,30).

## നബിവചനം

"**ഞാ**നെന്റെ ദാസനോട് പെരുമാറുന്നത് എന്നോടുള്ള അവന്റെ വിശ്വാസവും പ്രതീക്ഷയും അനുസരിച്ചാണ്. അതുകൊണ്ട് അവനെന്നെപ്പറ്റി അവനുദ്ദേശിച്ചവിധം പ്രതീക്ഷിച്ചുകൊള്ളട്ടെ"

(ബുഖാരി)

## യുഗശബ്ദം



**ഭ**ക്തിശൂന്യമായ യാതൊരു കർമ്മവും ദൈവത്തിന്റെ അടുക്കലോളം എത്തുകയില്ലെന്ന് നിങ്ങൾ ദൃഢമായും ഓർത്തുകൊള്ളുവിൻ. എല്ലാ ഓരോ നന്മയുടെയും വേര് ഭയഭക്തിയാകുന്നു. ഏതൊരു കർമ്മത്തിൽ ഈ വേര് നശിച്ചുപോകുകയില്ലയോ ആ കർമ്മവും നശിച്ചുപോകയില്ല. നാനാതരം ദുഃഖങ്ങളും കഷ്ടപ്പാടുകളും കൊണ്ട് നിങ്ങൾ പരീക്ഷിക്കപ്പെടുകയും ചെയ്യുമെന്നതും തീർച്ചയാകുന്നു; കഴിഞ്ഞ കാലങ്ങളിൽ സത്യവിശ്വാസികൾ പരീക്ഷിക്കപ്പെട്ടതുപോലെ! ആകയാൽ, സൂക്ഷിച്ചുകൊള്ളുക; നിങ്ങൾ ഇടറിപ്പോകരുത്. അങ്ങനെ സംഭവിക്കാതിരിക്കട്ടെ. ആകാശവുമായി നിങ്ങൾക്ക് സുദൃഢമായ ബന്ധമുണ്ടെങ്കിൽ ഭൂമിയിക്ക് നിങ്ങളെ ഹാനിപ്പെടുത്തുവാൻ സാധ്യമേയല്ല. നിങ്ങൾക്ക് വല്ല നഷ്ടവും വന്നുഭവിക്കുന്നുവെങ്കിൽ അത് നിങ്ങളുടെ കൈകൾക്കൊണ്ടുതന്നെയായിരിക്കും. ശത്രുക്കളുടെ കൈകളാലായിരിക്കയില്ല. ലൗകികമായ എല്ലാ ബഹുമാനങ്ങളും നിങ്ങൾക്ക് നഷ്ടപ്പെട്ടുപോകുന്നുവെങ്കിൽ സാരമില്ല. അല്ലാഹു അറുതിവരാത്ത ബഹുമാനങ്ങൾ ആകാശത്തിൽ നിങ്ങൾക്കായി നൽകും. ആകയാൽ, നിങ്ങൾ അവനെ ഉപേക്ഷിച്ചുകളയൊല്ലാ. നിങ്ങൾക്ക് ദുഃഖം നേരിടുകയും നിങ്ങളുടെ ആഗ്രഹങ്ങൾ അസഫലങ്ങളായി ഭവിക്കുകയും ചെയ്യേണ്ടതും ആവശ്യമാകുന്നു. അതുകൊണ്ട്, ഈ അവസ്ഥകളോടു നിങ്ങൾ ഒട്ടിനിൽക്കരുത്. എന്തെന്നാൽ, നിങ്ങളുടെ ദൈവം നിങ്ങളെ പരീക്ഷിക്കുകയാകുന്നു.

# റാവിൽ ബുക്കാറയേവ്

പ്രത്യേക ലേഖകൻ

എന്റെ പേര് റാവിൽ ബുക്കാറയേവ്. ഞാൻ ജനിച്ചത് 1951-ലായിരുന്നു. വോൾഗാ നദീതീരത്തുള്ള കസാൻ നഗരത്തിലായിരുന്നു എന്റെ ജനനം. ഗണിതശാസ്ത്രജ്ഞരായിരുന്നു മാതാപിതാക്കൾ. കുടുംബപരമായി ഞങ്ങൾ മുസ്ലിംകളായിരുന്നു. എന്നാൽ, 1989 വരെ സത്യത്തിൽ മുസ്ലിം എന്നാലെന്താണെന്ന് ആർക്കുമറിയില്ലായിരുന്നു. കാരണം അതുവരെ ഞങ്ങളൊക്കെയും ജീവിച്ചിരുന്നത് സോവിയറ്റ് യുക്തിവാദ രാഷ്ട്രത്തിലായിരുന്നു.
ഇപ്പോൾ എന്റെ പ്രവർത്തിപഥം വിശാലമാണ്. റേഡിയോ ജേർണലിസ്റ്റ്, മതവിദ്യാർത്ഥി, എഴുത്തുകാരൻ, കവി സർവ്വോപരി വിശ്വാസിയായ ഒരു മുസ്ലിം എന്നിങ്ങനെ വൈവിധ്യമാർന്ന മേഖലകളിൽ ഞാൻ പ്രവർത്തിക്കുന്നു. ഇന്നത്തെപ്പോലെ ഉദാരമായ കാലയളവിലായിരുന്നില്ല എന്റെ മാതാപിതാക്കൾ ജീവിച്ചത്. മുപ്പതുകളിൽ ജനിച്ച അവരുടെ ജീവിതം സോവിയറ്റ് യുക്തിവാദത്തിന്റെ ഏറ്റവും തീക്ഷ്ണമായ കാലത്തായിരുന്നുവല്ലോ? അവർക്ക് തങ്ങളുടെ മുസ്ലിം പശ്ചാത്തലം അറിയാമായിരുന്നിട്ടും ഒരു വിശ്വാസമെന്ന രീതിയിൽ ഇസ്ലാമിനെ പിന്തുടർന്നില്ല.
അമ്പതുകളിൽ ഒരു മുസ്ലിം വിദ്യാർത്ഥി എന്ന നിലയിൽ എന്റെ ജീവിതം മുന്നോട്ടുനീങ്ങിയില്ല. കാരണം മുസ്ലിം പശ്ചാത്തലമുള്ള ഞങ്ങളുടെ മാതൃഭാഷപോലും നിരോധിക്കപ്പെട്ടിരുന്നു. കസാൻ ടാർടാർ സംസ്കാരത്തെ സ്കൂൾ പാഠ്യപദ്ധതിയിൽ നിന്നും തുടച്ചുമാറ്റിയിരുന്നുവെങ്കിലും എല്ലാ ടാർടാറികൾക്കും ഇസ്ലാമിനെക്കുറിച്ച് അറിയാമായിരുന്നു. മിക്ക ടാർടാറികളും ദൈവനാമത്തിൽ തുടങ്ങാതെ ഒന്നും ഉച്ചരിക്കാറുണ്ടായിരുന്നുമില്ല. ഇക്കൂട്ടത്തിൽ പാർട്ടി ഭാരവാഹികൾ പോലുമുണ്ടായിരുന്നു. ആയിരം വർഷത്തെ പഴക്കമുണ്ടെന്ന് കരുതപ്പെടുന്ന ടാർടാറിക് സംസ്കാരത്തിന്റെ അടിത്തറ ഇസ്ലാമിക മൂല്യങ്ങളിലാണ് നിലകൊള്ളുന്നത്.
വളർച്ചയുടെ ഘട്ടങ്ങളിൽ സ്ഥിരം പള്ളിയിൽ പോകുന്നതിനെക്കുറിച്ചാലോചിക്കുന്ന ഒരാൾ മാത്രമായിരുന്നില്ല ഞാൻ. അക്കാലത്ത് ഇസ്ലാമിനെപ്പറ്റിയോ, സ്വന്തം വേരുകളെപ്പറ്റിയോ പഠിക്കാൻ ശ്രമിച്ചാൽ അധികാരികൾ സംശയദൃഷ്ടിയോടെയാണ് വീക്ഷിക്കുക. റഷ്യൻ അധികാരികളേക്കാളും കർശനമായി പെരുമാറിയത പ്രാദേശിക ടാർടാർ ഉദ്യോഗസ്ഥന്മാരായിരുന്നു. കാരണം തങ്ങളുടെ നിലനിൽപ്പിന് ഇതാവശ്യമാണെന്ന് അക്കൂട്ടർക്ക് വ്യക്തമായിരുന്നു.
1989 ഓടെ എല്ലാ തരത്തിലും അന്തരീക്ഷം മാറിമറിഞ്ഞു. മതപരമായതും അല്ലാത്തതുമായ സ്വാതന്ത്ര്യം നിലവിൽവന്നു. എന്നാൽ, മതപരമായി ചിന്തിക്കുന്ന ഒരാൾക്ക് മതം എന്താണെന്നു മാത്രം മനസ്സിലായാൽപ്പോരല്ലോ? ഇസ്ലാം നല്ലതാണെന്നും അത് പ്രബോധിക്കുന്ന കാര്യങ്ങൾ നല്ലതാണെന്നും എനിക്കറിയാം. പക്ഷേ, എന്റെ ആത്മാവ് ശൂന്യമായിരുന്നു. കനത്ത ആശയക്കുഴപ്പങ്ങളിലേക്ക് നീങ്ങിയ എന്റെ മനസ്സിന് ശാന്തി ലഭിക്കുന്നത് ലണ്ടനിൽ ഒരു വിഭാഗം മുസ്ലിംകളുമായി ഞാൻ സന്ധിച്ചപ്പോഴാണ്. അഹ്മദിയ്യാ മുസ്ലിംകളായിരുന്നു ഇവർ. ദൈവത്തിന്റെ സൃഷ്ടികളെ സ്നേഹിക്കുമ്പോഴും സഹായിക്കുമ്പോഴുമാണ് ദൈവത്തെ സ്നേഹിക്കാൻ സാധിക്കുക എന്ന് അഹ്മദികൾ പറഞ്ഞു. അപ്പോൾ, ഇതാണ് എന്റെ സ്ഥലമെന്ന് എനിക്കുറപ്പായി. ഇന്നത്തെ എന്റെ ഉറച്ചവിശ്വാസം ഈ ഭൂലോകത്തു നിന്ന് ഒന്നിനേയും തുടച്ചുനീക്കാൻ സാധിക്കില്ലായെന്നാണ്. ചിലപ്പോൾ ചിലതിനെ അടിച്ചമർത്തിവെക്കാൻ സാധിച്ചേക്കാം. ഇസ്ലാമിനെ ആർക്കും നശിപ്പിക്കാനാകില്ല. കാരണമതൊരു രാഷ്ട്രീയമോ, സംസ്കാരമോ അല്ല. മറിച്ച്, അതൊരു പ്രത്യേക മാനസികാവസ്ഥയാണ്.
(അഹ്മദിയ്യത്തിന്റെ പാശ്ചാത്യവേദികളിലെ ഉറച്ച ശബ്ദമായ റാവിൽ ബുക്കാറയേവിന്റെ ജീവചരിത്രരേഖ. ബഹുമുഖപ്രതിഭയായ ബുക്കാറയേവ് തന്റെ ജീവിതത്തെ തിരിഞ്ഞുനോക്കുന്നു.....)

പേജ് 2-ൽനിന്ന്
മനുഷ്യത്വത്തിന്റെ കൊല എന്നാണ് വിശേഷിപ്പിച്ചത്. ആശുപത്രി ജീവനക്കാർക്ക് അദ്ദേഹം പിതൃതുല്യനായിരുന്നു. അദ്ദേഹത്തിന്റെ മനുഷ്യത്വപരമായ സേവനങ്ങളെ ജനങ്ങൾ എപ്പോഴും വാഴ്ത്തുന്നു. ഇന്ത്യയുടെ അതിർത്തിയിൽനിന്നും കുറച്ചകലെയുള്ള നാഗർ പാർക്കറിൽ ഇടയ്ക്കിടെ അദ്ദേഹം സൗജന്യ മെഡിക്കൽ കേമ്പുകൾ സംഘടിപ്പിക്കാറുണ്ടായിരുന്നു.
അബ്ദുൽ മന്നാന്റെയും മറ്റ് രണ്ടുപേരുടേയും കൊലപാതകത്തിൽ രാഷ്ട്രീയ നേതാക്കളാരും പ്രതികരിച്ചിട്ടില്ല. ആരും പ്രതിഷേധിച്ചിട്ടുമില്ല. എം.ക്യൂ.എം. ചീഫ് അൽത്താഫ് ഹുസൈൻ മാത്രമാണ് മന്നാന്റെ കൊലപാതകത്തിൽ ശക്തമായി പ്രതിഷേധിച്ചത്.
വിശ്വാസത്തിന്റെ പേരിൽ ഒരാളെ കൊലപ്പെടുത്തുന്നത് മനുഷ്യത്വരഹിതവും ഇസ്ലാമിക വിരുദ്ധവുമാണ്. മതത്തെ രാഷ്ട്രീയത്തിൽ കൂട്ടിക്കലർത്തിയ നമ്മുടെ നേതാക്കന്മാർ പാക്കിസ്ഥാനെ ഇസ്ലാമിക റിപ്പബ്ലിക്കിൽനിന്നും ഏകാധിപത്യത്തിന്റേയും ക്രൂരതയുടേയും ഭീകരതയുടേയും രാജ്യത്തിലേക്ക് എത്തിച്ചതായും യുവാക്കൾ കൊലപാതകത്തിനും പരിശീലിക്കുകയുമാണെന്ന സത്യം മനസ്സിലാക്കേണ്ടിയിരിക്കുന്നുവെന്ന് അൽത്താഫ് ഹുസൈൻ പറഞ്ഞു.
(സെപ്തംബർ 21-ലെ ഡോൺ ദിനപത്രത്തിൽ വന്ന കുൻവർ ഇദ്രീസിന്റെ നിരീക്ഷണം)

# മുസ്ലിം വിരോധം ആളിക്കത്തിക്കാൻ ഇസ്രായേൽ തയ്യാറെടുക്കുന്നു


പ്രത്യേക ലേഖകൻ

**ജെറുസലേം:** ഇസ്ലാമിക ലോകത്തിന്റെ കടുത്ത പ്രതിഷേധം ക്ഷണിച്ചുവരുത്തിയ 'ഫിത്ന' എന്ന സിനിമയുടെ സംവിധായകനായ ഗീർട്ട് വിൽസേർസിനെയും ബ്രിട്ടനിലെ പ്രഭുസഭാംഗം ബാരോൺസ് കരോലിൻ കോക്സിനെയും മറ്റ് തീവ്ര വലതുപക്ഷക്കാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഡിസംബർ 20 മുതൽ 30 വരെ ഇസ്രയേൽ പാർലമെന്റായ നെസ്സറ്റിൽ 'ജിഹാദിനെ നേരിടുക' എന്ന വിഷയത്തെക്കുറിച്ച് കോൺഫറൻസ് സംഘടിപ്പിക്കുവാൻ ഇസ്രായേലിലെ വലതുപക്ഷക്കാർ തയ്യാറെടുക്കുന്നതായി വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു. സപ്തംബർ 3-ന് നടന്ന പത്രസമ്മേളനത്തിൽ 'ഫിത്ന' പ്രദർശിപ്പിച്ചുകൊണ്ട് ഇസ്രായേൽ എം.പി. ആരി എൽദാദ് അറിയിച്ചതാണിത്. ഇസ്രായേലും അറബികളും തമ്മിലുള്ള കലാപത്തിന് രാജ്യാതിർത്തി തർക്കം മാത്രമല്ല കാരണമെന്നും ലോകത്താകമാനമുള്ള ഇസ്ലാമിക രോഗസംക്രമണമാണെന്നും അദ്ദേഹം പ്രസ്താവിച്ചു. പാലസ്തീൻ പ്രശ്നവുമായിട്ടല്ല. മറിച്ച്, മിഡിൽ ഈസ്റ്റിൽ പടിഞ്ഞാറൻ സാംസ്കാരിക വിപ്ലവത്തിന് ഇസ്രയേൽ നേതൃത്വം വഹിക്കുന്നതിനാലാണ് അറബ് ലോകം ഇസ്രായേലിനെ വെറുക്കുന്നതെന്ന് അദ്ദേഹം അവകാശപ്പെട്ടു.
എന്നാൽ, തീവ്രവലതുപക്ഷക്കാരുടെ നീക്കത്തിന്നെതിരെ ഇസ്രായേൽ പാർലമെന്റിലെ അറബ് അംഗം ശക്തമായി പ്രതിഷേധിച്ചു. ഫിത്നയുടെ ജെറുസലേമിൽ നടന്ന പ്രദർശനം നിയമവിരുദ്ധവും അധാർമ്മികവും ഇസ്ലാമിനോടുള്ള ജൂതരുടെ വെറുപ്പിന്റെ പ്രയാണവുമാണെന്ന് അഹ്മദ് തിവി പ്രസ്താവിച്ചു. എന്നാൽ, കോൺഫറൻസിനെതിരെ പരസ്യമായി പ്രകടനങ്ങൾ നടത്തില്ലെന്നും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധയാകർഷിക്കാൻ പാശ്ചാത്യ ലോകത്തെ അനുവദിക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

# അഹ്മദിയ്യ മസ്ജിദിലെ കലിമ പോലീസ് നശിപ്പിച്ചു

**ലാഹോർ:** ലാഹോറിന് സമീപത്തുള്ള ഇസ്ലാമിയ പാർക്ക് പോലീസ് സ്ഥലത്തെ അഹ്മദിയ്യ മസ്ജിദിന് പുറത്തുവെച്ചിരുന്ന കലിമയെഴുതിയ ബോർഡ് നശിപ്പിച്ചു. ആഗസ്റ്റ് അവസാനത്തിൽ ചിലയാളുകൾ ചേർന്ന് കലിമക്കെതിരെ പോലീസിൽ പരാതി നൽകിയിരുന്നു. അഹ്മദിയ്യാ ആരാധനാലയങ്ങളിൽ കലിമ വെക്കുന്നത് സംബന്ധിച്ച് അഹ്മദിയ്യാ വിരുദ്ധ ഓർഡിനൻസിൽ പരാമർശമൊന്നുമില്ല. പരാതിയിൽ അന്വേഷണവുമായെത്തിയ പോലീസ് അഹ്മദികളോട് കലിമ എടുത്തുമാറ്റാൻ ആജ്ഞാപിച്ചെങ്കിലും അഹ്മദികൾ വഴങ്ങിയില്ല. അതിനെ തുടർന്ന് അർദ്ധരാത്രി പോലീസ് എത്തി നേരിട്ടുതന്നെ കലിമയെഴുതിയ മാർബിൾ പലക തകർക്കുകയായിരുന്നു.

# കുട്ടിപട്ടാളം വീട്ടിലേക്ക്



**നെയ്റോബി:** ആഫ്രിക്കൻ രാജ്യമായ കോംഗോയിലെ നോർത്ത് കിവു പ്രവിശ്യയിൽനിന്ന് ഗോത്രസേനകൾ റിക്രൂട്ട് ചെയ്ത കുട്ടിപട്ടാളക്കാർ പകുതിയിലേറെയും വീടുകളിലേക്ക് മടങ്ങി. ഈ മേഖലയിൽ നടക്കുന്ന ക്രൂരമായ മനുഷ്യാവകാശ ലംഘനങ്ങളുടെയും സ്ത്രീപീഡനങ്ങളുടെയും കാര്യത്തിൽ ആംനസ്റ്റി ഇന്റർനാഷണൽ ഉൾപ്പെടെയുള്ള മനുഷ്യാവകാശ സംഘടനകൾ നേരത്തെ ഉത്കണ്ഠ പ്രകടിപ്പിച്ചിരുന്നു.
ഒരുകാലത്ത് ഈ സ്ഥലത്ത് മുപ്പതിനായിരത്തിൽ അധികം കുട്ടിപട്ടാളക്കാർ വ്യത്യസ്ത സംഘടനകളിലായി ജോലി ചെയ്തിരുന്നു. ഇവരാണ് മനുഷ്യാവകാശ സംഘടനകളുടെ ഇടപെടലിനെ തുടർന്ന് വീടുകളിലേക്ക് മടങ്ങുന്നത്.

## അൻസാറുല്ലാ സമ്മേളനം



**മൂവാറ്റുപുഴ:** എറണാകുളം മേഖലാ അൻസാറുല്ലാ സമ്മേളനം മൂവാറ്റുപുഴ അർബൻ ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്നു. സമ്മേളനം കേരളാ നാസിം അൻസാറുല്ലാ പി.പി. നാസിറുദ്ദീൻ സാഹിബ് ഉദ്ഘാടനം ചെയ്തു. എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് അധ്യക്ഷം വഹിച്ചു. എറണാകുളം മേഖലാ നാസിം അൻസാറുല്ലാ പി.കെ. ശാഹുൽ ഹമീദ് സാഹിബ്, മൂവാറ്റുപുഴ ജമാഅത്ത് പ്രസിഡണ്ട് ജനാബ് തങ്ങൾ ബാവ സാഹിബ് എന്നിവർ ആശംസകൾ അർപ്പിച്ചു. സമ്മേളനത്തോടനുബന്ധിച്ച് വ്യത്യസ്ത മത്സരങ്ങൾ നടന്നു. സമ്മേളനത്തിൽ മൗലവി നാസിർ അഹ്മദ് സാഹിബ് 'സ്വലാത്തിന്റെ പ്രാധാന്യം' എന്ന വിഷയത്തെപ്പറ്റിയും, മൗലവി സലിം സാഹിബ് 'വസിയ്യത്തി'നെപ്പറ്റിയും ക്ലാസ്സുകളെടുത്തു. സമാപന സമ്മേളനത്തിൽ എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് സമ്മാനങ്ങൾ വിതരണം ചെയ്തു. പി.കെ. ശാഹുൽ ഹമീദ് സാഹിബ് അധ്യക്ഷത വഹിച്ചു.

## മതമൈത്രി സമ്മേളനം

**മൂവാറ്റുപുഴ:** മജ്‌ലിസ് അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴയിൽ മതമൈത്രി സമ്മേളനം നടന്നു. മൂവാറ്റുപുഴ മുനിസിപ്പാൽ ചെയർമാൻ മേരി ജോർജ്ജ് തോട്ടം പരിപാടി ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ ഫാ: ജോൺ വർഗീസ് ഈശരൻ കുടിയിൽ, എം.പി. അപ്പു (ഭാരതീയ വിചാരകേന്ദ്രം) എന്നിവർ സംസാരിച്ചു. നേരത്തെ സത്യദൂതൻ പത്രാധിപർ ഏ.എം. സലിം സാഹിബ് വിഷയാവതരണം നടത്തി. പി.കെ. ഷാഹുൽ ഹമീദ് സാഹിബ് സ്വാഗതവും, ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദ് മുജീബുർ റഹ്മാൻ സാഹിബ് കൃതജ്ഞതയും രേഖപ്പെടുത്തി. യോഗത്തിൽ മേഖലയിലെ നാനാഭാഗങ്ങളിൽ നിന്നുമായി ഒട്ടനവധി പേർ പങ്കെടുത്തിരുന്നു.

പേജ് 5-ൽനിന്ന്

കൾ തന്നെയെങ്കിലും ഇവിടെ അഹ്മദികളുടെ മക്കൾ അനഹ്മദികളായിട്ടും നില്ക്കുന്നുണ്ട്. അതുകൊണ്ട് അപ്രകാരം ബാലിഗം തിരിഞ്ഞിരിക്കുന്ന ആൺപെൺമക്കളോട് പുതിയ ബയ്അത്ത് വാങ്ങേണ്ടതാണ്.

ഹദ്റത്ത് സാഹിബിന് ഇതുവരെയും കത്തെഴുതിയിട്ടില്ല; എഴുതും. അതിൽ താങ്കളെ ഇങ്ങോട്ട് അയച്ചു തരേണ്ടതിനുള്ള പ്രത്യേക ഓർഡർ കൊടുക്കാനപേക്ഷിക്കും. മേൽ എഴുതിയ സംഗതികളിൽ ആവശ്യമായത് എടുത്തുകാണിച്ചു കൊണ്ട് താങ്കളും അവിടെ നിന്ന് കത്ത് ഹദ്റത്ത് സാഹിബിനും താങ്കളുടെ ദഅ്‌വത്ത് തബ്‌ലീഗിലേക്കും അയച്ചു ലീവ് എടുക്കേണ്ടതാണ്. താങ്കൾ ഇവിടെ എത്തിയാലല്ലാതെ മേലെഴുതിയ സംഗതികളൊന്നും നേർക്കാകുന്നതല്ല."

മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ, ശ്രീലങ്കയിൽനിന്ന് മലബാറിൽ തിരിച്ചെത്തുന്നതിനു മുമ്പേ ഹദ്റത്ത് ഇ. അബ്ദുൽഖാദിർകുട്ടി സാഹിബ്(റഹ്) വഫാത്തായിരുന്നു! ദുഃഖം രേഖപ്പെടുത്തിക്കൊണ്ട് ഹദ്റത്ത് മൗലവി അബ്ദുല്ലാഹ് സാഹിബ് ശ്രീലങ്കയിൽനിന്ന് എഴുതി അയച്ച സ്മരണക്കുറിപ്പിൽ ഇപ്രകാരം പറയുന്നു.

"വന്ദ്യനായ പരേതൻ മരിക്കുന്നതിനു ഏതാനും ദിവസങ്ങൾക്കുമുമ്പ് എന്നെ കാണണമെന്നും ഞാനുമായി ചില സംഗതികളെക്കുറിച്ച് ആലോചിക്കേണ്ടതുണ്ടെന്നും എനിക്ക് എഴുതി അയച്ച അദ്ദേഹത്തിന്റെ കത്ത് എന്റെ പെട്ടിയിലും, അദ്ദേഹത്തെ കാണുവാൻ ഭാഗ്യമുണ്ടായില്ലല്ലോ എന്ന വ്യസനം എന്റെ ഹൃദയത്തിലും ശേഷിപ്പിച്ചുകൊണ്ടാണ് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞത് എന്ന സംഗതി എന്നെ എപ്പോഴും വ്യസനിപ്പിച്ചുകൊണ്ടിരിക്കും."

പേജ് 5-ൽനിന്ന്

വുമായി അരികിലെത്തണം. കിട്ടുന്ന പണം കീശയിലാക്കി ദളിതരെ നായക്ക് സമാനമാക്കി ചവിട്ടിത്തള്ളിയ ഭൂതകാലചരിത്രം ആരും അത്രവേഗം മറക്കില്ല. കേരളത്തിലെ തെരുവുകളിൽ മാറ് മറക്കാനാവാതെ നടക്കേണ്ടിവന്ന അധഃകൃത വർഗ്ഗത്തിന് താങ്ങും തണലുമായി നിന്നത് ക്രിസ്തു-ഇസ്‌ലാം മതമാണ്. പക്ഷേ, എല്ലാം വിസ്മരിക്കപ്പെടുന്ന വർത്തമാനകാലമാണിത്. ഇന്നലെ മുസ്‌ലിംകൾ, ഇന്ന് ക്രിസ്ത്യാനികൾ.... നാളെ ഫാസിസത്തിന്റെ കൊലക്കത്തിക്കിരയാവുന്നത് ഹിന്ദുക്കൾ തന്നെയായിരിക്കുമെന്നതിൽ സംശയം വേണ്ട. ഫാസിസത്തിനിഷ്ടം ബ്രാഹ്മണ്യമാണ്. അധഃകൃതവർഗ്ഗങ്ങളെ അടിച്ചമർത്തി മാത്രമേ ഫാസിസത്തിന് നിലനിൽപുള്ളൂ. അതുകൊണ്ടുതന്നെ അധഃകൃതരുടെ ഉയിർത്തെഴുന്നേൽപ്പ് അസഹ്യമായിരിക്കും. ഉയിർത്തെഴുന്നേൽപ്പിനെ മതപരിവർത്തനമായി ചിത്രീകരിച്ച് സവർണ്ണ പിന്തുണയോടൊപ്പം മധ്യവർഗ്ഗത്തിന്റെ സഹാനുഭൂതി കൂടി പിടിച്ചെടുക്കുകയെന്നതാണ് പുതിയ തന്ത്രം. വടക്കേയറ്റത്തുനിന്നും തെക്കേയറ്റത്തേക്ക് ആക്രമണം വ്യാപിക്കുന്നതിൽ വ്യക്തമായ അജണ്ടയുണ്ട്. എന്നും ഫാസിസത്തിന് ബാലികേറാമലയായിരുന്ന കേരളത്തിലേക്കുള്ള ഒരെത്തിനോട്ടം ആ കാക്ക കണ്ണുകളിലുണ്ടെന്നത് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. മുസ്‌ലിം തീവ്രവാദത്തിനും ക്രൈസ്തവ വർഗീയതക്കും വളക്കൂറുള്ള മണ്ണാണ് കേരളം. വിദ്യാഭ്യാസ കച്ചവടത്തിലൂടെ ആധിപത്യമുറപ്പിച്ചിരിക്കുന്ന ഇവർക്ക് പക്ഷേ യഥാർത്ഥ ശത്രു ആരെന്ന് നിശ്ചയമില്ല. ഈയൊരു കലക്കവെള്ളത്തിൽ മീൻ പിടിക്കുകയെന്നത് RSSന്റെ വ്യക്തമായ ഒളിയജണ്ടയാണ്. അതാണ് കാസർഗോഡുനിന്നാരംഭിച്ചിരിക്കുന്നത്. ഫാസിസത്തിന്റെ വിഷവിത്തുകളെക്കുറിച്ച് കരുതിയിരിക്കുക എന്നത് മാത്രമേ നമ്മുടെ മുന്നിൽ പോംവഴിയുള്ളൂ.

പേജ് 1-ൽനിന്ന്

കയും അക്രമത്തിന് പ്രേരിപ്പിക്കുകയുമായിരുന്നു. ഇതിനു ശേഷം ആഗസ്റ്റ് 22-ന് അർദ്ധരാത്രിയാണ് ജനക്കൂട്ടം അക്രമണം നടത്തിയത്. 60 വയസ്സുകാരനായ മുഹമ്മദ് അഫ്സലിന്റെ നില അതീവഗുരുതരമാണ്.

അക്രമത്തെത്തുടർന്ന് മുതിർന്ന അഹ്മദി നേതാക്കൾ പോലീസധികാരികളെക്കണ്ട് അഹ്മദികളുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

## അനുഗൃഹീത ഖിലാഫത്ത്

**അബൂ അയ്മൻ, കുവൈത്ത്**

പ്രകാശമാണെന്നു ദൈവം പ്രവചിച്ച സംവിധാനം
പ്രശംസയ്ക്കായന്നു ചിലർ ത്യജിച്ചകന്നു
പ്രയോജനമേകിയില്ല പ്രയത്നങ്ങൾ വ്യർത്ഥമല്ലോ
പ്രവൃത്തിയതവരുടെ എത്ര നൈരജ്യം

പ്രവാചകനരുളിയ 'ഖുദ്റത്തെ സാനിയ' ഈ
പ്രവചിത നേരത്തുതാൻ വന്നു പ്രത്യക്ഷം
പ്രകൃതികൊണ്ടിരിരുദേഹം പ്രവൃത്തിയിലൊരുരൂപം
പ്രവാചകൻ തന്റെ തനി പ്രതിനിധാനം

പ്രഥമ ദൃഷ്ടിയിൽ വെറും മനുഷ്യകേവലനെന്നാൽ
പ്രതിദിനമേറി പ്രഭ വദനത്തിങ്കൽ
പ്രവഹിച്ചതല്ലോ ജനം പ്രിയ ഹുസൂറിൻ ദർശനം
പ്രശാന്തമായല്ലോ മനം പ്രഭാഷണത്താൽ

പ്രചോദനമുണ്ട് മധുകരമതിൽ മതിയോളം
പ്രകൃതിതൻ പ്രബോധനം സാരഥ്യം വേണം
പ്രക്ഷുബ്ധമീ ശത്രുപക്ഷം പ്രകോപത്താൽ ഖിലാഫത്തിൻ
പ്രവേശനം കാൺകേ നവശതകത്തിങ്കൽ

പ്രതികരിക്കില്ല നമ്മൾ പ്രലോഭനങ്ങൾക്കൊണ്ടൊന്നും
പ്രകൃതിതൻ പ്രഹരങ്ങൾ പ്രാപിച്ചോളൂ
പ്രഗൽഭരും പ്രഖ്യാപിച്ചു തകർക്കേന്നാലവർക്കു താൻ
പ്രത്യാഘാതമൊടുക്കം നാം പ്രചരിച്ചല്ലോ

പ്രപഞ്ചനാഥന്റെ നിത്യനിയമമീ ഖിലാഫത്ത്
പ്രതിഫലം വിശ്വാസ സൽപ്രവൃത്തികൾക്ക്
പ്രകടനമസാധ്യം നിൻ കൃതജ്ഞത ദാസരാലീ
പ്രദാനത്തിൻ ഖിലാഫത്താം സൽവരത്തിൻ

പ്രവൃത്തികൾ ഖിലാഫത്തിൻ ഭൂവിലജ്ഞർ തടഞ്ഞപ്പോൾ
പ്രസരിച്ചു പ്രക്ഷേപണം വാനത്തുനിന്നും
പ്രവാഹകമതിൽ നാദപ്രകാശങ്ങൾ ഖിലാഫത്തിൻ
പ്രബോധനം പ്രവഹിച്ചു പൃഥ്വിയിൽ നീളെ

പ്രചരിച്ചിതിൻ ശാഖകൾ സകല നാടുകൾതോറും
പ്രകീർത്തിയും ദിനംപ്രതി പെരുകിവന്നു
പ്രസിദ്ധീകരിച്ചിരുന്നു പതിറ്റാണ്ടുകൾക്കും മുന്നേ
പ്രസ്തുത പുരോഗതികൾ ബറാഹീനിലും

പ്രളയങ്ങൾ പിന്നെ തുടർപ്രകമ്പനങ്ങളുമെല്ലാം
പ്രസ്താവിതമല്ലോ സ്പഷ്ട മൊഴിയവയിൽ
പ്രത്യക്ഷമായിന്ന് സത്യപ്രവചനമായും സൽ
പ്രമാണവും ഖിലാഫത്തിൻ പരിശുദ്ധിയും

പ്രതാപവാനരുളിയ കയറിതിൽ പതറാതെ
പ്രബലമായ് പിടിച്ചു നാം മുഴുലോകത്തും
പ്രവാചകവരേണ്യർതൻ പതാകകൾ പറത്തീടാൻ
പ്രതിജ്ഞയുമെടുത്തല്ലോ ഖലീഫയൊപ്പം.

## ഇസ്‌ലാമിലെ വിഭിന്ന വിഭാഗങ്ങൾ....

**ഇ**സ്‌ലാം വലിയൊരു മതമാണ്. അതിനകത്തെ ഉൾപ്പിരിവുകളും ശാഖോപശാഖകളും വലിയ പഠനം ആവശ്യമുള്ള സംഗതിയുമാണ്. ലോകം കണ്ടിട്ടുള്ള വ്യത്യസ്തമായ ഇസ്‌ലാമിക വിഭാഗങ്ങളിലേക്ക് ഒരെത്തിനോട്ടം.

***മുഅ്തിലിസികൾ***

ഈ വിഭാഗം ഖദരിയാക്കൾ എന്ന പേരിലും അറിയപ്പെടുന്നു. മുസ്‌ലിം ജനസാമാന്യത്തിന്റെ പൊതുശ്രേണിയിൽനിന്ന് ഒഴിഞ്ഞുനിന്നതിലാണത്രെ ഇക്കൂട്ടരെ മുഅ്തലിസികൾ എന്ന് വിളിക്കുന്നത്. ഹിജ്റ 1-80 കാലയളവിൽ ജീവിച്ചിരുന്ന മഅ്ബദുൽ ജുഹാനി, ഗൈലാൻ ഭിമശ്ഖി, ജഅ്ബുമുനുദിർഹം എന്നിവരായിരുന്നു ഈ വിഭാഗത്തിന്റെ നേതാക്കൾ. നബിതിരുമേനി(സ)യുടെ സഹാബത്തിലെ ചിലർ ശക്തമായി തന്നെ മുഅ്തിലിസികളെ എതിർത്തിരുന്നു.

മുഅ്തിലിസികളുടെ വിശ്വാസപ്രമാണങ്ങളിൽ ചിലത് ഇവയാണ്- അല്ലാഹുവിന് ആരംഭമില്ലാത്ത സിഫത്തുകൾ ഇല്ല, അല്ലാഹുവിനെ ദർശിക്കുക എല്ലാവർക്കും സാധ്യമല്ല. അവന്റെ പല ശക്തികളും പുതുതായി ഉണ്ടായതാണ്, ജനങ്ങളുടെയും ഇതര ജീവികളുടെയും കർമ്മങ്ങൾ അല്ലാഹുവിന്റെ സൃഷ്ടിയല്ല മറിച്ച്, അവ സ്വയം നിർമ്മിതമാണ്. ഇങ്ങനെ പോകുന്നു ഇക്കൂട്ടരുടെ വിശ്വാസപ്രമാണങ്ങൾ. കാലക്രമത്തിൽ ഈ വിഭാഗത്തിനകത്തുതന്നെ പലതരം അവാന്തര വിഭാഗങ്ങളുണ്ടാകാൻ തുടങ്ങി. ഇവയിൽ പ്രധാനപ്പെട്ടത് വാസിലിയ്യ, അംരിയ്യ, ഹുദൈലിയ്യ, നള്ളാമിയ്യ, ഹശ്മിയ്യ തുടങ്ങിയവയായിരുന്നു.

(1) ***വാസിലിയ്യ***- മുഅ്തിലിസികളുടെ പ്രധാന ഉപവിഭാഗമായി കരുതപ്പെടുന്നത് വാസിലിയ്യയെയാണ്. വാസിൽ ഇബ്നു ഉൽഗസ്സാൻ എന്നയാളായിരുന്നു ഈ വിഭാഗത്തിന്റെ സ്ഥാപകൻ. അലി(റ) അല്ലെങ്കിൽ ഉറൈവിയ(റ)യും കൂട്ടുകളും ഫാസിഖുകളാണെന്ന് ഈ വിഭാഗം പറഞ്ഞു. കാലക്രമേണ ഈ വിഭാഗത്തിന്റെ പ്രവർത്തനം ചുരുങ്ങിവന്നു.

(2) ***അംരിയ്യ***- അംറിബ്നു അബീദ് ഇബ്നുബാബിന്റെ അനുയായിവൃന്ദത്തെയാണ് അംരിയ്യ എന്ന പേരിലറിയപ്പെടുന്നത്. അലി(റ)യും മുആവിയ(റ)യും കാഫിറും മുശ്രിഖുമല്ലാത്ത 'ഫാസിഖ്' ആണെന്ന് ഇക്കൂട്ടർ വാദിച്ചു. ജമൽയുദ്ധത്തിൽ പങ്കെടുത്ത സഹാബിമാരുടെ മൊഴികൾ അംഗീകരിക്കാനാവില്ലെന്ന് അംരിയ്യാക്കൾ വാദിച്ചിരുന്നു.

(3) ***ഹുദൈലിയ്യ***- മുഅ്തിലിസികളിൽ ഏറ്റവും വിചിത്ര വാദങ്ങൾ ഉന്നയിച്ച വിഭാഗമായിരുന്നു ഹുദൈലിയ്യ. അബുഹുദൈൽ മുഹമ്മദ് ഇബ്നു ഹുദൈലി അല്ലാഫിന്റെ നേതൃത്വത്തിലുള്ള വിഭാഗമാണ് ഇത്. അല്ലാഹുവിന്റെ കഴിവുകൾ നശിക്കുമെന്നും തദ്വാരാ അവൻ കഴിവില്ലാത്തവൻ ആയിത്തീരുമെന്നും ഈ വിഭാഗം പറഞ്ഞു. സ്വർഗവാസികളുടെ സുഖവും അവരുടെ സോദ്ദേശ്യപരമായ പ്രവർത്തനങ്ങളല്ലായെന്നും മറിച്ച്, അവരിൽനിന്ന് നിർബന്ധമായി അനുഭവപ്പെടുന്നതാണെന്നും ഹുദൈലികൾ വാദിച്ചു. ഈ വിഭാഗം മുസ്‌ലിംകൾ മുഅ്മിനീൻ എന്നാൽ തങ്ങളാണെന്നും ആയതിനാൽ സ്വർഗ്ഗത്തിന്റെ അവകാശം തങ്ങൾക്കു മാത്രമാണെന്നും പ്രചാരണം നടത്തി.

(4) ***നള്ളാമിയ്യ***- ഇബ്റാഹിം ഇബ്നു സയ്യർ ആണ് നള്ളാമിയ്യാ സ്ഥാപകൻ. ഇദ്ദേഹം നള്ളാം എന്നുമറിയപ്പെട്ടിരുന്നു. പഴയകാലത്തെ പ്രവാചകത്വനിഷേധികളായ ബറാഹിത്തിന്റെ വാദങ്ങളോട് യോജിച്ചിരുന്നവരാണെന്ന് നള്ളാമിയ്യകളെ ആക്ഷേപിച്ചിരുന്നു. ജനങ്ങൾക്ക് ഗുണകരമല്ലാത്തതൊന്നും സൃഷ്ടിക്കാൻ അല്ലാഹുവിന് സാധിക്കില്ലായെന്ന് നള്ളാമിയ്യകൾ ഉറച്ചുവിശ്വസിച്ചു. മനുഷ്യന്റെ ആത്മാവിന് പ്രാധാന്യം കൊടുത്ത നള്ളാം ബാഹ്യശരീരം മനുഷ്യനേയല്ല എന്ന് പറഞ്ഞിരുന്നു. സ്വർഗ്ഗത്തിൽ പ്രവാചകന്മാർക്കും നാൽക്കാലികൾക്കുമൊക്കെ ഒരേ സ്ഥാനമാണുണ്ടായിരുന്നതെന്ന് നള്ളാമിയ്യകൾ പറയുന്നു.

പ്രതിമാസം **വാർത്താവിശകലനം**

**ഷാജിർ അഹ്മദ്**

# കണികാ പരീക്ഷണം

*ചരിത്രത്തിലെ ഏറ്റവും ചെലവേറിയതും സങ്കീർണ്ണമായതുമായ ഒരു ഗവേഷണത്തിന്റെ വാർത്തകളിലാണ് ലോകം കുറച്ചുനാളുകളായി അഭിരമിക്കുന്നത്. ശാസ്ത്രകുതുകികൾ മാത്രമല്ല മുഴുവൻ ജനവിഭാഗങ്ങളും ഈ മഹാപരീക്ഷണത്തെ ഉറ്റുനോക്കുന്നുണ്ട്. ഇത്തരമൊരു പരീക്ഷണം വഴിവെച്ചേക്കാവുന്ന പ്രതിഫലനങ്ങളെ കുറിച്ചുള്ള ആശങ്കകൾ ഏറിവരുന്നു. പലരുടെയും കണ്ണിൽ 'ലോകാവസാനം' വരുന്നത് ഈ പരീക്ഷണത്തിലൂടെയാണ്. ചുരുക്കത്തിൽ ലോകജനതയുടെ നാഡിമിടിപ്പ് വർദ്ധിപ്പിക്കുന്ന ഒന്നായിത്തീരുന്നു കണികാ പരീക്ഷണം.*

*യൂറോപ്യൻ ഓർഗനൈസേഷൻ ഫോർ ന്യൂക്ലിയർ റിസർച്ച് (CERN) ആണ് കണികാ പരീക്ഷണത്തിന്റെ സംഘാടകർ. ജനീവയ്ക്കടുത്ത് ഭൂമിയ്ക്കടിയിൽ 27 കി. മീ. ചുറ്റളവുള്ള ഒരു തുരങ്കമാണ് പരീക്ഷണവേദി. 800 കോടി ഡോളർ (ഏകദേശം 40,000 കോടി രൂപാ ചെലവുള്ള ഈ വൻപദ്ധതിയിൽ 6000 ഗവേഷകർ സഹകരിക്കുന്നു. തുരങ്കത്തിലെ താപനില ബഹിരാകാശത്തിലേതിന് സമാനമാണ്. ഇതിലുപയോഗിച്ച പല സംഗതികളും ലോകറെക്കാർഡായിരിക്കും. ഉദാഹരണത്തിന് കണികാ പരിചരണത്തിനുള്ള തുരങ്കത്തിലെ സൂപ്പർകണ്ടക്റ്റിംഗ് കാന്തങ്ങളെ നിർമ്മിച്ചിരിക്കുന്നത് ഭൂമിയിൽനിന്ന് സൂര്യനിലേക്കുള്ള നീളത്തിന്റെ അഞ്ചിരട്ടി നീളം കമ്പി ഉപയോഗിച്ചാണ്!!*

*ഈ ഗവേഷണത്തിന്റെ ദൗത്യം പ്രപഞ്ചശാസ്ത്രവും കണഭൗതികശാസ്ത്രവും ഒന്നിച്ചാണ് ഏറ്റെടുത്തിരിക്കുന്നത്. അതിനാൽതന്നെ ഇതിന്റെ പരീക്ഷണങ്ങൾ കേന്ദ്രീകരിക്കപ്പെടുന്നത് കണികാരഹസ്യങ്ങൾക്കും, പ്രപഞ്ചരഹസ്യങ്ങൾക്കും നേരെയാകുന്നു. അടിസ്ഥാനപരമായി കണികയിലുള്ള ഘടകങ്ങളായ ദ്രവ്യകണങ്ങൾക്ക് പിണ്ഡം (മാസ്സ്) നൽകുന്ന ഹിഗ്ഗ്സ്ബോസൺ അഥവാ 'ദൈവത്തിന്റെ കണിക'യെ കൃത്രിമമായി സംഘടിപ്പിക്കുന്ന കൂട്ടിയിടിയിലൂടെ വെളിപ്പെടുത്താനാകുമെന്നാണ് പ്രതീക്ഷ. അതുപോലെ പ്രപഞ്ചോൽപ്പത്തിയുമായി ബന്ധപ്പെട്ട ഇരുണ്ട ഊർജ്ജ (dark energy)ത്തിന്റെ നിഗൂഢതയും അനാവരണം ചെയ്യപ്പെട്ടേക്കാം.*

*ചുരുക്കത്തിൽ കണികകളുടേയും, പ്രപഞ്ചത്തിന്റേയും ഉത്ഭവം, വളർച്ച, ഭാവി എന്നിങ്ങനെയുള്ള കാര്യങ്ങളിൽ ഗവേഷണം മുന്നോട്ടുപോകുന്നു. ഈ ഗവേഷണം സൃഷ്ടിച്ചേക്കാവുന്ന തമോഗർത്തങ്ങളും, അജ്ഞാതകണികകളും ലോകത്തെയാകമാനം വിഴുങ്ങുമെന്നും ദോഷൈകദൃക്കുകൾ പറയുന്നു. പക്ഷേ, ശാസ്ത്രലോകം മുന്നോട്ടുതന്നെയാണ്. സെപ്തംബർ ആദ്യാവസാനം നടന്ന പ്രഥമ പരീക്ഷണം ഏറെക്കുറേ വിജയമാണെന്ന് ഗവേഷകർ അവകാശപ്പെടുന്നു.*

*ഇവിടെ വിശ്വാസികൾ ഓർക്കുന്ന ഒരു ഖുർആൻവാക്യമുണ്ട്. "ദൃഷ്ടികൾ അവനെ കാണുകയില്ല, എല്ലാ ദൃഷ്ടികളേയും അവൻ കാണുന്നു, അവൻ അഗോചരനും ബോധവാനുമത്രെ" (സൂറാ:അൻആം). പ്രപഞ്ചരഹസ്യങ്ങളുടെയും ജീവരഹസ്യങ്ങളുടെയും അറിവ് ആത്യന്തികമായി ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്നു. വിശ്വാസികൾക്ക് എല്ലാത്തിലും ദൃഷ്ടാന്തമുണ്ട്. മറഞ്ഞിരിക്കുന്ന നിഗൂഢതകൾ തീർച്ചയായും അല്ലാഹുവിന്റെ സമക്ഷത്തിലാണുള്ളത്. ശാസ്ത്രലോകത്തിന്റെ അനുമാനങ്ങൾ തെളിയിക്കാനിരിക്കുന്നതും ഈ ദിശയിലൂടെ തന്നെയായിരിക്കും.*

പേജ് 1-ൽനിന്ന്

ദീകരണം കാണാൻ കഴിയുന്നതാണ്. വിവിധ കൽപനകളുടെ ശതക്കണക്കിന് ശാഖകൾ അതിൽ വിവരിച്ചിട്ടുണ്ട്." ചുരുക്കത്തിൽ തഖ്‌വ സ്വായത്തമാക്കുന്നതിന് ചെയ്യേണ്ടത് നോമ്പാകുന്ന പരിചയ്ക്ക് പിന്നിൽ നാം നിൽക്കുക എന്നതാണ്. അത് യഥാർത്ഥത്തിൽ അല്ലാഹുവിന്റെ പരിചയാകുന്നു. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത് നോമ്പിന്റെ പ്രതിഫലം ഞാൻ തന്നെയാകുന്നു എന്ന്.

അതുകൊണ്ട് ഈ പരിചയുടെ പ്രയോജനം യഥാർത്ഥ രീതിയിൽ നമുക്ക് ലഭിക്കണമെന്നുണ്ടെങ്കിൽ നാം ആത്മപരിശോധന നടത്തിക്കൊണ്ട് നമ്മുടെ കാതുകളെ വ്യർത്ഥമായ കാര്യങ്ങൾ കേൾക്കുന്നതിൽനിന്ന് സംരക്ഷിച്ചുനിർത്തണം. മതത്തെ പരിഹസിക്കുന്ന, മതകാര്യങ്ങളെ പരിഹാസത്തോടെ കാണുന്ന സദസ്സുകളിൽനിന്ന് നാം വിട്ടുനിൽക്കണം; തന്റെ സഹോദരന്റെ പരദൂഷണം പറയുന്ന സദസ്സുകളിൽനിന്നും നാം വിട്ടുനിൽക്കണം. ചുരുക്കത്തിൽ അല്ലാഹു നിരോധിച്ചിരിക്കുന്ന എല്ലാ പ്രവർത്തനത്തിൽനിന്നും നാം വിട്ടുനിൽക്കേണ്ടതാണ്. ഉദാഹരണത്തിന് പുരുഷന്മാരോട് ദൃഷ്ടികൾ കീഴ്പ്പോട്ട് പതിപ്പിക്കണമെന്ന് കൽപ്പിച്ചിരിക്കുന്നു. അന്യസ്ത്രീകളെ നോക്കരുതെന്ന് അവരോട് കൽപിച്ചിട്ടുണ്ട്. ഇക്കാലത്ത് സമയം പാഴാക്കുന്നതിനായി ചില വ്യർത്ഥവും അശ്ലീലമയവുമായ ഫിലിമുകൾ പ്രദർശിപ്പിക്കാറുണ്ട്, അതിൽ നിന്നും വിട്ടുനിൽക്കാനും കൽപനയുണ്ട്. റമദാൻ മാസത്തിൽ ഈ രീതിയിൽ നാം ശീലിച്ചാൽ റമദാൻ കൊണ്ട് ഫലമനുഭവിച്ചാൽ ഭാവിജീവിതത്തിലും ഇവ്വിധ തിന്മകളിൽനിന്ന് രക്ഷപ്പെടാൻ സാധ്യതയുണ്ടെന്ന് നമുക്കാശിക്കാം.

ഇനി എന്താണ് നാവിന്റെ വ്രതം. നാവുകൊണ്ട് ആരേയും ചീത്ത പറയരുത്. ആരേയും വേദനിപ്പിക്കരുത്. അതുകൊണ്ടാണ് ഒരു ഹദീസിൽ ഇപ്രകാരം വന്നിട്ടുള്ളത്. നോമ്പുകാരനോട് വല്ലവരും തർക്കിക്കുകയോ മോശമായി സംസാരിക്കുകയോ ചെയ്താൽ, ഞാൻ നോമ്പുകാരനാണെന്ന് മാത്രം പറഞ്ഞ് മിണ്ടാതിരിക്കുക എന്ന്. അതായത് നീ എന്നെ എന്തുതന്നെ പറഞ്ഞാലും ഞാൻ പ്രതികരിക്കില്ല. കാരണം എല്ലാ അവയവങ്ങൾക്കും വ്രതമുള്ള ഒരു തർബിയ്യത്ത് പരിശീലന പദ്ധതിയിലൂടെയാണ് ഞാൻ ഇപ്പോൾ കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് എന്റെ നോമ്പിനെ പാഴാക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല.

കൈകൾക്കും നോമ്പുണ്ട്. തെറ്റായ ഒരു കാര്യവും കൈകൊണ്ട് ചെയ്യാതിരിക്കുകയാണ് അതിന്റെ നോമ്പ്. അല്ലാഹു നിരോധിച്ചിരിക്കുകയോ അവന്റെ റസൂൽ വിലക്കുകയോ ചെയ്ത ഒരു കാര്യവും മറ്റുള്ളവർക്ക് വേണ്ടിയും ചെയ്യരുത്. ഒരാൾ പന്നിമാംസം സ്വയം തിന്നുന്നില്ലെന്നിരിക്കട്ടെ, എന്നാൽ, അദ്ദേഹം മറ്റുള്ളവരെ തീറ്റിപ്പിക്കുന്നുണ്ടെങ്കിൽ ഇത് അനുസരണക്കേടാണ്, തെറ്റായ നടപടിയാണ്. മദ്യപിക്കുന്നില്ലെങ്കിലും മറ്റുള്ളവരെ അവൻ കുടിപ്പിക്കുന്നുണ്ടെങ്കിൽ ഇതും പാപമാണ്. തിരുനബി(സ) മദ്യം കുടിപ്പിക്കുന്നവന്റെ മേലും ശാപം ചൊരിഞ്ഞിട്ടുണ്ട്. നോമ്പിന്റെ അവസ്ഥയിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾക്കനുസരണമായി ജീവിക്കുമ്പോഴാണ് യഥാർത്ഥ അർത്ഥത്തിൽ നോമ്പ് നമുക്ക് പരിചയായിത്തീരുന്നതും നാം തഖ്‌വയുള്ളവരായിത്തീരുന്നതും. അപ്പോഴാണ് ഈ പരിച ഉപയോഗിക്കുവാനുള്ള പരിശീലനം ശരിക്കും അവന് ലഭിക്കുകയുള്ളൂ. ഇങ്ങനെയല്ലെങ്കിൽ നോമ്പ്കൊണ്ട് പ്രയോജനമൊട്ടും ലഭിക്കില്ല. എന്നല്ല നാം ആത്മവഞ്ചന നടത്തുന്നതോടൊപ്പം അല്ലാഹുവിനേയും വഞ്ചിക്കലായിരിക്കും. (ഖുത്ബ)

## ശഹീദിന്റെ രക്തം പാഴാകില്ല: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹു)

**ലണ്ടൻ:** ശുഹദാക്കളുടെ രക്തം ഒരിക്കലും പാഴായിപ്പോകുകയില്ലെന്ന് ഖലീഫത്തുൽ മസീഹ്(അയ്യദഹു) പറഞ്ഞു. പാക്കിസ്ഥാനിൽ നടന്ന അഹ്മദികളുടെ തുടർ കൊലപാതകങ്ങളിൽ ജമാഅത്തിന്റെ വേദന ലോകത്തെ അറിയിക്കുകയായിരുന്നു ഹുസൂർ തിരുമനസ്.

ഒരു വിശ്വാസിയെ മനഃപൂർവ്വം ആരാണോ വധിക്കുന്നത് അവർക്കുള്ള പ്രതിഫലം നരകമായിരിക്കും. അതിൽ ഒരു ദീർഘകാലം അവർ വസിക്കുന്നതാണ്. അല്ലാഹു അവരോട് കോപിക്കുന്നതും തന്നിൽ നിന്നും അവരെ അകറ്റുന്നതുമാണ്. അവർക്ക് വലിയ ശിക്ഷ ഒരുക്കുന്നതാണ്.

അല്ലാഹുവിന്റെ സുവാർത്തകൾ നമ്മോടൊപ്പമുണ്ടായിരിക്കെ നമുക്കുണ്ടാകുന്ന ഭൗതിക നഷ്ടങ്ങളോ ജീവനഷ്ടങ്ങളോ നമുക്ക് എന്ത് പോറൽ ഏല്പിക്കാനാണ്. ഈ പരീക്ഷണങ്ങൾ നമ്മുടെ ആത്മീയ പുരോഗതിക്കൊപ്പം ജമാഅത്തിന്റെ പുരോഗതിക്കും കാരണമായിത്തീരുന്നു.

അതുകൊണ്ട് ഈ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വരുമ്പോൾ അഹ്മദികൾ ഭയപ്പെടരുത്. അല്ലാഹു പറയുന്നത് നിങ്ങൾ നിങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനില്ക്കുക എന്നതാണ്. പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വരുമ്പോൾ നിങ്ങളുടെ നാവിൻതുമ്പിൽനിന്ന് 'ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ' എന്ന വചനം മാത്രം പുറത്തുവരട്ടെ. ഞങ്ങൾ അല്ലാഹുവിന്റേതുതന്നെയാണ്. അവനിലേക്കുതന്നെയാണ് ഞങ്ങൾ മടങ്ങിപ്പോകേണ്ടതും. ഇത് പറയുമ്പോൾ നമ്മൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നവരായി മാറുന്നതാണ്.


എപ്പോഴും നേർമാർഗ്ഗത്തിൽ അടിയുറച്ചു നില്ക്കുക. വിശ്വാസത്തിൽ വർദ്ധനവുണ്ടാകുന്നതിനായി ശ്രമിക്കുക. എങ്കിൽ അവസാന വിജയം കാണുന്നവരിൽ നമ്മൾ ഉണ്ടാകുന്നതാണ്.

ശത്രുക്കളെ ഒരിക്കലും സന്തോഷിക്കാൻ വിടുന്നതല്ല. അവരുടെ സന്തോഷങ്ങൾ വെറും താൽക്കാലികം മാത്രം. ഏതൊരു അഹ്മദിയുടെയും ശഹാദത്ത് ഇതുവരെയും ഫലദായകമായിട്ടേയുള്ളൂ. ഇന്നും ഫലദായകമാകുന്നതാണ്.

റമദാനിൽ നാമധാരികളായ മുസ്‌ലിം സംഘങ്ങൾ ഒന്നുകൂടെ തീവ്രമാകുകയാണ് ചെയ്യുന്നത്. എന്നാൽ, അല്ലാഹു അങ്ങനെയുള്ളവരുടെ പര്യവസാനം എന്താണ് നിർണ്ണയിച്ചിട്ടുള്ളതെന്ന് ഇവർക്കറിയില്ല. അല്ലാഹു നമ്മേയും സമൂഹത്തേയും മനുഷ്യത്വത്തിന്റെ ശത്രുക്കളായ ഇവരിൽനിന്നും സംരക്ഷിക്കുമാറാകട്ടെ. ഈ ദിനങ്ങളിൽ കൂടുതലായി ദുആ ചെയ്യുക. അല്ലാഹു എല്ലാവരേയും തന്റെ സംരക്ഷണത്തിൽ നിലനിറുത്തുമാറാകട്ടെ. എല്ലാ ശുഹദാക്കൾക്കും അല്ലാഹു പരലോകത്ത് ഉയർന്ന പദവികൾ നല്കുമാറാകട്ടെ.

## സാമൂഹിക അസമത്വങ്ങൾ ആളെ കൊല്ലുന്നു!!!

**പ്രത്യേക ലേഖകൻ**



**ലണ്ടൻ:** തെറ്റായ നയങ്ങളും, സാമ്പത്തിക രാഷ്ട്രീയ കാരണങ്ങളും ആളുകളുടെ ആരോഗ്യത്തെ ഹനിക്കുന്നുണ്ടെന്ന് ലോകാരോഗ്യ സംഘടന നിയോഗിച്ച ഒരു കമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്നു. ഇക്കാര്യങ്ങൾ– ദുർനയങ്ങൾ, സാമ്പത്തിക വ്യവഹാരങ്ങൾ, രാഷ്ട്രീയം– ആളുകളെ ജീവിതം ആസ്വദിക്കുന്നതിൽനിന്ന് തടയുന്നു. സാമൂഹിക അസമത്വങ്ങളുടെ പ്രത്യാഘാതങ്ങൾ ഏറ്റവും കൂടുതൽ വികസ്വര രാജ്യങ്ങളിലാണ്. ഇവിടങ്ങളിൽ പാവങ്ങൾ നിലനിൽപ്പിനുതന്നെ കഷ്ടപ്പെടുന്നുണ്ട്. ചില ആഫ്രിക്കൻ രാജ്യങ്ങളിലെ ആയുർദൈർഘ്യം തന്നെ 50 വയസ്സിന് താഴെയാണത്രെ.

സമ്പന്നരാജ്യങ്ങളിലെ സാമൂഹിക– സാമ്പത്തിക മേഖലകളിലെ പിന്നോക്കാവസ്ഥയെന്നതുകൊണ്ടു ഉദ്ദേശിക്കുന്നത് താഴ്ന്ന വിദ്യാഭ്യാസമോ, ജീവിത സൗകര്യങ്ങളുടെ ലഭ്യത കുറവോ, തൊഴിലില്ലായ്മയോ, ജോലിയിലെ അരക്ഷിതത്വമോ, അരക്ഷിതമായ ജോലി സാഹചര്യങ്ങളോ ഒക്കെയാകാം. ഇതേ പ്രശ്നങ്ങൾതന്നെയാണ് ദരിദ്രരാഷ്ട്രങ്ങളിലുമുള്ളത്. എന്നാൽ, ഇവിടെ കടുത്ത ദാരിദ്ര്യവും, പ്രകൃതിദുരന്തങ്ങളാലുള്ള നഷ്ടവും ഇതോടു കൂടിച്ചേരുമ്പോൾ ജനജീവിതം ദുസ്സഹമാകുന്നു.

എന്നാൽ, ദുസ്സഹമായ ജീവിതപശ്ചാത്തലങ്ങൾ മാറ്റത്തിന് വിധേയമായേക്കാം. ഉദാഹരണത്തിന് നാൽപ്പതുവർഷങ്ങൾക്ക് മുമ്പേ ആയിരത്തിന്റെ 50% വും ബാലമൃത്യു ഉണ്ടായിരുന്ന പോർച്ചുഗൽ ഇപ്പോൾ വളരെ പുരോഗമിച്ചിരിക്കുന്നു. ലോകത്തിൽ ഏറ്റവും ഉയർന്ന ആയുർദൈർഘ്യമുള്ള ഐസ്‌ലാന്റ്, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളുടെ പട്ടികയിലാണിപ്പോൾ പോർച്ചുഗൽ. അതുപോലെ തന്നെ ആയിരത്തിൽ 235 മരണനിരക്കുണ്ടായിരുന്ന ഈജിപ്ത് അത് ആയിരത്തിൽ 35 ആക്കി കുറച്ചു. എന്നാൽ, മറ്റുചിലയിടങ്ങളിൽ പ്രശ്നം വർദ്ധിക്കുന്നുമുണ്ട്. 1992–നുശേഷം റഷ്യയിലെ സാമൂഹിക–സാമ്പത്തിക–രാഷ്ട്രീയ മേഖലകളിലെ അസ്വാസ്ഥ്യങ്ങൾ കാരണം മരണനിരക്ക് വലിയതോതിൽ ഉയർന്നിട്ടുണ്ട്. എന്തായാലും മനുഷ്യന്റെ ആരോഗ്യത്തെ കണക്കിലെടുത്തു വേണം ഗവർമ്മെന്റ് പോളിസികൾ രൂപകല്പന ചെയ്യേണ്ടതെന്നാണ് കമ്മീഷൻ ഗവർമ്മെന്റുകളോടാവശ്യപ്പെടുന്നത്.

Published by: P. Shefi Ahamed, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor: Ashique Thotton, Editor: Shajir Ahamed, Kannur.